Ci
XIV
129

N12<527962070 021

LS

ubTÜBINGEN

Ad. Bruckmann,
Buchbinder.

162 pag.

# TRUTH AND ERROR

IN

# NALA'S HISTORY

നളചരിതസാരശോധന

൩ാം അച്ചടിപ്പു

K. UNIV. BIBL. TÜBINGEN

MANGALORE
PRINTED BY PLEBST & STOLZ, BASEL MISSION PRESS
1867

Ci XIV 129 8°

# നളചരിതസാരം.

൧-ാം സംഭാഷണം.

നായർ. സലാം ഗുരുക്കളെ! നിങ്ങൾ എന്തു ഗ്രന്ഥം വായിക്കുന്നു? അഷ്ടാംഗഹൃദയമൊ?

ഗുരു. അല്ല, നളചരിതം തന്നെ.

നായർ. നളചരിതമൊ? ഞങ്ങളുടെ ശാസ്ത്രം നിങ്ങൾക്കു വായിക്കാമൊ? ബുക്കു പഠിപ്പാനല്ലാതെ, ഒരൊ വക നോക്കുവാനും സമ്മതമൊ?

ഗുരു. വിരോധം ഏതും ഇല്ല. സകലത്തെയും ശോധന ചെയ്വിൻ; നല്ലതിനെ മുറുക പിടിപ്പിൻ, എന്ന ഒരു ന്യായം ഞങ്ങൾക്കുണ്ടു. പുസ്തകങ്ങളിൽസാരം അധികം കാണുകകൊണ്ടു, അധികം വായിക്കുന്നുണ്ടു. സമയം ഉള്ളപ്പോൾ നിങ്ങളുടെ ഗ്രന്ഥങ്ങളിലും സാരമായുള്ളതിനെ എടുത്തു, പിടിപ്പാൻ മനസ്സുണ്ടു.

നായർ. എന്നോടു പരമാൎത്ഥം പോലെ പറയെണം. ഇങ്ങെവേദശാസ്ത്രപുരാണങ്ങളിൽ സാരമധികം ഉണ്ടല്ലൊ; അങ്ങെ വേദത്തിൽ ഇതിനോടു സമം ഒന്നും കിട്ടീല്ല എന്നു തോന്നുന്നു, അതു

കൊണ്ടത്രെ നിങ്ങൾ എറിഞ്ഞു കളഞ്ഞതിനെ പിന്നെയും എടുത്തിരിക്കുന്നു.

ഗുരു. ഞാൻ പരമാൎത്ഥം പറയാം. ഈ നാട്ടിലെ ശാസ്ത്രങ്ങളെ നോക്കുന്തോറും, തെറ്റും കുറവും അധികം കാണുന്നു; സത്യവേദം നൊക്കുന്തൊറും, സാരവും മെന്മയും അധികം തെളിയുന്നു. ഈ നാട്ടുകാരെല്ലാവരും അതിനെ ശോധന ചെയ്യാൽ കൊള്ളായിരുന്നു.

നായർ. അതിപ്പോൾ വേണ്ട! നളചരിതത്തിൽ എന്തു സാരം കണ്ടിരിക്കുന്നു?

ഗുരു. ഒന്നു, വാക്കുകളുടെ വിശേഷത്വം തന്നെ. അതിനെ ഭാഷയിൽ ആക്കിയവൻ സമൎത്ഥൻ എന്നെ വേണ്ടു. വാചകവും വൃത്തവും എത്രയും വെടിപ്പായി തോന്നുന്നു.

നായർ. പിന്നെയൊ! നിങ്ങളുടെ വേദക്കാൎക്കു ഒരുനാളും അപ്രകാരം വരികയില്ല; അവർ എല്ലാം തിക്കി വിക്കി പറയുന്നു.

ഗുരു. വിശപ്പുള്ളവനു മിനുന്നതു വേണമൊ, തിന്നുന്നതു വേണമൊ? നല്ല വഴിയെ തിരഞ്ഞു നടക്കുമ്പൊൾ, കൊഞ്ഞനും കാട്ടി തന്നാലും, സന്തോഷം അല്ലയൊ? ഒരു വാചാലൻ വന്നു ശ്ലോകം ചൊല്ലി, നിങ്ങളെ ചതിച്ചു കാട്ടിൽ അയച്ചാലൊ?

നായർ. കോപം വേണ്ടാ. ശാസ്ത്രങ്ങളിൽ വാക്കു തന്നെ അല്ല, പൊരുൾ അത്രെ പ്രമാണം; സം

ശയമില്ല. എങ്കിലും, മുഖം അഴകുള്ളതെന്നു വെ
ച്ചു, ആഭരണത്തെ ചാടേണമൊ? മുത്തു താൻ
മേത്തരമായാലും, പൊന്നിൽ അമിഴ്ത്തി വെച്ചാ
ൽ അധികം ശോഭിക്കയില്ലയൊ?

ഗുരു. നേർ തന്നെ. അതു വിചാരിച്ചത്രെ ഞാനും
ഒരു പാട്ടും മറവും നോക്കുന്നതു. സത്യത്തെ ഗ്ര
ഹിച്ചവൎക്കു അവസരം ഉണ്ടായാൽ, പടെച്ചവ
നേയും അവന്റെ ക്രിയകളേയും യോഗ്യമായി
സ്തുതിക്കേണ്ടതിന്നു, ഭാഷയെ നല്ലവണ്ണം അ
ഭ്യസിക്കെണം, എന്നു എന്റെ പക്ഷം.

നായർ. നളചരിതത്തിൽ വാക്കിന്നല്ലാതെ, അൎത്ഥത്തി
ന്നും സാരം ഇല്ലയൊ?

ഗുരു. പല അൎത്ഥങ്ങളും ന്യായങ്ങളും നല്ലവ. എന്നു
തോന്നുന്നു.

നായർ. അവ ചിലതു എന്നോടു പറയെണം.

ഗുരു. പറയാം. കഥയെ വായിച്ചു കേട്ടുവല്ലൊ; ഇ
പ്പോഴും മനസ്സിലുണ്ടൊ?

നായർ. ചെറുപ്പത്തിൽ നമുക്കു നല്ലവണ്ണം അറിയാ
യിരുന്നു; ഇപ്പോൾ ഓൎമ്മ അസാരം വിട്ടു പോ
യി. ചുരുക്കി പറഞ്ഞാൽ, ദോഷം ഇല്ല.

ഗുരു. പണ്ടു നിഷധരാജാവായ നളൻ ഓർ അരയ
ന്നത്തിന്റെ ചൊൽ കേട്ടു, ദമയന്തി എന്ന ക
ന്യകയെ കാംക്ഷിച്ചു, അവളും അരയന്നം പറ
ഞ്ഞു കേട്ടു, നളനെ മോഹിച്ചു വലഞ്ഞു പോയ

പ്പോൾ, അവളുടെ അച്ഛനായ വിദൎഭരാജാവ് വിചാരിച്ചു, മകൾക്കു വിവാഹം കഴിപ്പിക്കെണം എന്നു വെച്ചു, സ്വയംബരം കല്പിച്ചു, ദിവസത്തെ കുറിക്കയും ചെയ്തു. അതിന്നായി അനേകം രാജാക്കന്മാരും നളനും കൂടി വരുമ്പോൾ, ഇന്ദ്രൻ മുതലായ നാലു ദേവന്മാരും ഇറങ്ങിവന്നു, ദമയന്തിയെ വേൾപ്പാൻ മോഹിച്ചു, നളനെ കണ്ട നേരം തങ്ങളുടെ ദൂതനാക്കി നിയോഗിച്ചു, അവനും ചെന്നു കണ്ടു, വേണ്ടും വണ്ണം ബോധിപ്പിച്ചു, ഒരു ദേവനെ വരിക്കെണം എന്നുപദേശിച്ചു അവളുടെ മനസ്സിനെ ഇളക്കുവാൻ കഴിഞ്ഞില്ല താനും. സ്വയംബര ദിവസത്തിൽ അവൾ ദേവന്മാരെ വെറുത്തു, നളനെ വരിച്ചു, മാലയിട്ടു. ദേവകൾ നാലുരും പ്രസാദിച്ചു നളനു ൦രം രണ്ടു വരങ്ങളെ കൊടുത്തു മറകയും ചെയ്തു. അനന്തരം നളൻ ദമയന്തിയുമായി നിഷധപുരിയിൽ സുഖിച്ചു വാഴുമ്പോൾ, കലിയുഗം എന്ന ഒരു ദുൎദ്ദേവത അവനെ പിഴക്കുവാൻ തരം നോക്കി, ഒരിക്കൽ ശൌചം ചെയ്യുന്നേരം, കാൽ പുറവടിയിൽ നനയാത്തതു കണ്ടു, ആ വഴിയായി അവനിൽ കയറി വസിച്ചു. അതിനാൽ അവന്റെ ബുദ്ധിക്കു സ്ഥിരക്കേടു വന്നപ്പോൾ പുഷ്കരൻ എന്ന ബന്ധു വന്നു, ചൂതിന്നു വിളിച്ചു കളിക്കുന്തോറും നളൻ തോറു തോറു, ധനവും രാജ്യവും എല്ലാം പുഷ്കരന്റെ കൈവശമാകയും ചെയ്തു. ഭൎത്താവി

ന്റെ ഭ്രാന്തു കണ്ടാറെ, ദമയന്തി രണ്ടു മക്കളേയും
തേരിൽ കരേററി, അച്ശന്റെ നഗരത്തിൽ അ
യച്ചു പാൎപ്പിച്ചു; താൻ ഭൎത്താവെ പിരിയാതെ ഒ
ന്നിച്ചു നഗരം വിട്ടു, കാട്ടിൽ കൂടി സഞ്ചരിക്ക
യും ചെയ്തു. ഒരു നാൾ കലി നളനെ പിന്നെ
യും ചതിച്ചു, ഏക വസ്ത്രം ശേഷിച്ചതിനെ അ
പഹരിച്ചപ്പോൾ, അവൻ അഴിനില പൂണ്ടു,
ഭാൎയ്യ ഉറങ്ങുന്ന കാലം അവളുടെ വസ്ത്രം മുറിച്ചു.
പാതി എടുത്തു, ഓടിപ്പോകയും ചെയ്തു. അവൾ
ഉണൎന്ന ഉടനെ, ഭൎത്താവെ കാണാതെ വളരെ
ഖേദിച്ചുഴന്നു തിരഞ്ഞിട്ടും കാണാഞ്ഞപ്പോൾ
കച്ചവടക്കാരുടെ കൂട്ടത്തോടു ചേൎന്നു, ഒന്നിച്ചു
നടന്നു, ചേദി രാജ്യത്തിൽ എത്തിയാറെ പേർ
മറച്ചു, അരമനയിൽ സൈരന്ധ്രിയായി സേ
വിക്കയും ചെയ്തു, നളൻ ഒരു കാട്ടുതീയിൽ അക
പ്പെട്ട സൎപ്പത്തിന്റെ ആൎത്തനാദം കേട്ടു, ദിവ്യ
വരം കൊണ്ടു അതിനെ തീയിൽ നിന്നു രക്ഷി
ച്ചപ്പോൾ, സൎപ്പം മാറത്ത് കടിച്ചു രൂപവും മാ
ററി കലിയുടെ വഞ്ചനയൊക്ക അറിയിച്ചു. ഒ
രു മന്ത്രത്താലെ രക്ഷ ഉള്ളു എന്നും, ഇന്നി
ന്ന പ്രയോഗങ്ങൾ വേണം എന്നും ഉപദേ
ശിച്ചു, നളനും ബാഹുകൻ എന്ന പേരെടുത്തു,
അയോദ്ധ്യരാജാവെ ചെന്നു കണ്ടു, അടുക്കള
ക്കാരനും തേരാളിയുമായി സേവിച്ചു പാൎക്കയും
ചെയ്തു. എന്നാറെ വിദൎഭരാജാവു ബ്രാഹ്മണ
രെ അയച്ചു മകളെ എങ്ങും തിരയിക്കും സമ

യം ഒരുവൻ ചേദിനഗരത്തിൽ ചെന്നു ദമ
യന്തിയെ കണ്ടറിഞ്ഞു, അവളും പുറപ്പെട്ടു, പി
താവിനേയും മക്കളേയും കണ്ടു, വളരെ കാലം
പാൎത്തു. പിന്നെ അവളും ബ്രാഹ്മണരെ നി
യോഗിച്ചു ഭൎത്താവെ തിരയിച്ചാറെ, അയോ
ദ്ധ്യയിൽ ഒരുവൻ ഉണ്ടു, അടയാളങ്ങൾ മിക്ക
തും ഒക്കുന്നു, രൂപത്തിന്നു മാത്രം ഭേദം ഉണ്ടു,
എന്നു കേട്ട ഉടനെ, രണ്ടാമത് ഒരു സ്വയംവ
രം നാളെ ഉണ്ടു എന്നു അവൾ അയോദ്ധ്യയി
ൽ അറിയിപ്പാൻ ആൾ അയച്ചു. അതിന്നാ
യി ചെല്ലുവാൻ അയോദ്ധ്യരാജാവു ഭാവിച്ച
പ്പോൾ, നൂറെറട്ടു കാതം എങ്കിലും, ഒരു ദിവസം
കൊണ്ടു ഞാൻ എത്തിക്കാം എന്നു തേരാളി പ
റഞ്ഞു. അവ്വണ്ണം പുറപ്പെട്ടു, ദിവ്യവരത്താൽ
അതിശയമായി ഓട്ടുമ്പോൾ, രാജാവു പ്രസാ
ദിച്ചു, അക്ഷഹൃദയമന്ത്രത്തെ തെരാളിക്ക് ഉപ
ദേശിച്ചു കൊടുത്തു. അവർ വിദൎഭരാജധാനി
യിൽ എത്തിയാറെ, സ്വയംവരം ഇല്ല എന്നു
കണ്ടു; ദമയന്തിയൊ ബാഹുകന്റെ തേരാളി
ത്വവും പാകരുചിയും മററും പരീക്ഷിച്ചു കണ്ടു
അവനെ വരുത്തി, ഉള്ളം തുറന്നു പറഞ്ഞു. ന
ളൻ തന്നെ എന്നു ഗ്രഹിച്ചശേഷം രൂപസൌ
ന്ദൎയ്യം ഇല്ലാഞ്ഞാലും സ്നേഹത്തിന്നു വ്യത്യാ
സം ഇല്ല എന്നു കാട്ടിയ ഉടനെ, അവൻ സൎപ്പം
ചൊല്ലിയ ഉപായം പ്രയോഗിച്ചു, മുമ്പെത്ത
രൂപത്തെ ധരിച്ചു, ഇങ്ങിനെ പന്തിരാണ്ടുള്ള

ക്ലേശത്തെ തീക്കയും ചെയ്തു. പിന്നെ സ്വ രാജ്യത്തെക്ക പുറപ്പെട്ടു, പുഷ്കരനെ ചൂതിന്ന വിളിച്ചു ജയിച്ചു, ധനവും രാജ്യവും എല്ലാം അടക്കി, ഭാൎയ്യയുമായി സുഖേന വാണു കൊ ണ്ടിരുന്നു.

നായർ. നല്ല കഥയല്ലൊ! ദൂഷ്യം ഏതും ഇല്ല.

ഗുരു. അസഭ്യമായത ഒന്നും ഇതിൽ കാണുന്നില്ല. കൃഷ്ണചരിതം മുതലായ ഗ്രന്ഥങ്ങളെ വായിച്ചാ ൽ, ഓരൊരൊ നാണക്കേട തൊന്നും. ആ വക ബാല്യക്കാരുടെ മനസ്സിനെ കെടുപ്പാൻ മതി യാകയാൽ, ഇതിൽ കാണാത്തതു കൊണ്ടു, പ്ര സാദം തന്നെ വേണം.

നായർ. എത്രയും ദിവ്യമായ കഥ!

ഗുരു. അങ്ങിനെ പറവാൻ കഴികയില്ല. അന്നങ്ങൾ വിശേഷം പറയുന്നതും, ദേവകൾ കല്യാണ ത്തിന്നായി കിഴിയുന്നതും, വസ്ത്രം പകരം പോലെ സൎപ്പങ്ങളും മററും ദേഹങ്ങളെ പക രുന്നതും, നളൻ തീ കൂടാതെ ചോറുവെക്കുന്ന തും, മന്ത്രസാന്നിദ്ധ്യത്താൽ സങ്കടം തീരുന്ന തും, എന്നുള്ള അതിശയങ്ങൾ ഒന്നും എനിക്ക ബോധിക്കുന്നില്ല.

നായർ. അതിശയങ്ങൾ തന്നെ നമുക്ക എത്രയും ര സമായി തോന്നുന്നു. ചിന്തിച്ചോളും ചിത്രം, ചിത്രം, എന്നെ വേണ്ടു.

ഗുരു. ആ വക കുട്ടികളോട നേരമ്പോക്കിന്ന മതിയാ

യിരിക്കും. നാട്ടുകാർ അത സത്യം എന്ന നിരൂപിക്കയാൽ, ബുദ്ധിയെ മയക്കി കളയുന്നതത്രെ ആകുന്നു.

നായർ. അതിൽ എന്തു ദോഷം ഉണ്ടു? ലോകത്തിൽ എങ്ങും മായ വേണ്ടുവോളം ഉണ്ടല്ലൊ!

ഗുരു. അതെ മായ എല്ലാവരിലും നിറഞ്ഞു വഴിഞ്ഞിരിക്കകൊണ്ടു, മായയെ വളൎത്തുവാനല്ല, നീക്കുവാൻ തന്നെ നോക്കേണം. ദൈവം, മനുഷ്യൻ, പാപം, പുണ്യം, സൽഗതി, ദുൎഗ്ഗതി, മുതലായവററിന്റെ വസ്തുത, ലോകൎക്കു സ്വയമായി അറിഞ്ഞു വരായ്കയാൽ, ശാസ്ത്രികൾ വ്യാപ്തിയെ എല്ലാം അകററി, കാൎയ്യം ഉള്ള പ്രകാരം തന്നെ സൂക്ഷ്മമായി ബോധിപ്പിക്കേണ്ടതാകുന്നു അപ്രകാരം ചെയ്യുാൽ. നേരമ്പോക്കിന്നു ഇട വരികയില്ല.

നായർ. നമുക്കു അതിനാൽ നീരസം ഒട്ടും ഇല്ല. എങ്കിലും, പാപം പുണ്യം തുടങ്ങിയുള്ളതു ഓരോന്നു കൂടെ സത്യപ്രകാരം വൎണ്ണിച്ചിട്ടുണ്ടല്ലൊ.

ഗുരു. ഓരോ വിവരം സത്യപ്രകാരം വൎണ്ണിച്ചിരിക്കുന്നു. ഇങ്ങിനെ കലിയുഗം എന്നുള്ള ദുൎവൃത്തത്തൊടു ഒന്നിച്ചു പാപങ്ങളുടെ കൂട്ടം പണിക്കാരായി വരുന്ന പ്രകാരം പറഞ്ഞതു.

കാണ്മാറായി മുന്നിൽ കാമവും ക്രോധൻ താനും
കാണും ഒന്നിളക്കാത്ത ലോഭവും മോഹൻ താനും
നാലരും ശരീരത്തെ കൈക്കൊണ്ടു പത്തുക്കവെ

ലീലയാ വരുന്നോരു വേഷമംബരം തന്നിൽ
കാമിനീദാസന്മാരും കോപമുള്ളവൎക്കും
സ്വാമി സേവകന്മാരും സംസാര പ്രിയന്മാരും
നാലു കൂട്ടവും നാലു മൂൎത്തികൾക്കകമ്പടി
ചാലവെ വരുന്നതു കാണായി വേഷത്തോടെ
(൩ പാദം)

നായർ. ആ നാലു മൂൎത്തികൾ എന്തെല്ലാം; കാമം, ക്രോധം, ലോഭം, മോഹം, ഇവ അല്ലൊ? കാമം എന്നും മോഹം എന്നും ഉള്ളവ ഒന്നു തന്നെ, അല്ലയൊ?

ഗുരു. അല്ല. മോഹം എന്നു വെച്ചാൽ, മായയാൽ വരുന്ന മൂഢത തന്നെ. ഇങ്ങനെ കാമത്തോടു സ്ത്രീസക്തരും, ക്രോധത്തോടുകോപികളും, ലോഭത്തോടു കൊതിയന്മാരും, മോഹത്തോടു പ്രപഞ്ചസക്തരും, അകമ്പടിജ്ജനമായി ചേരുന്നു.

നായർ. ചേൎച്ച ഉണ്ടു, ബോധിച്ചു. "ചാലവെ വരുന്നതു കാണായി വേഷത്തോടെ" അങ്ങനെ ഉള്ള കൂട്ടർ വളരെ ഉണ്ടു, നിശ്ചയം.

ഗുരു. വളരെ എന്നു പറഞ്ഞാൽ പോരാ; എല്ലാവരിലും ഒരൊ ദോഷങ്ങൾ കാണ്മാനുണ്ടു, കഷ്ടം!

നായർ. എങ്കിലും ഗുരുക്കളേ, നമ്മിൽ അതില്ലല്ലൊ!

ഗുരു. എന്തൊരു വാക്കു! കോപം ഇല്ലയൊ? മോഹം ഇല്ലയൊ? മായയിൽ രസം തോന്നുന്നില്ലയൊ? കാമം, ലോഭം എന്നുള്ള പേരുകൾ നിങ്ങൾ കേട്ടിട്ടത്രെ അറിയുന്നു, എന്നുണ്ടോ?

നായർ. അങ്ങിനെ അല്ല. അല്പം ഒരു ദോഷപ്രസം
ഗം എല്ലാവരിലും ഉണ്ടല്ലൊ. ചെറുപ്പത്തിൽ ഓ
രോന്നു ചെയ്തു പോകും, അതു ബാലശിക്ഷ
കൊണ്ടു അമൎത്തടക്കി വെക്കേണം.

ഗുരു. അമൎത്തുവെക്കേണ്ടതു സത്യം, എങ്കിലും അത
അമരുമൊ? വയസ്സുള്ളവരിൽ ആ ദോഷങ്ങൾ
മറന്നു പോകുന്ന പ്രകാരം തോന്നുന്നില്ല. കുറ
യുക അല്ല, വളരുകയത്രെ ചെയ്യും. അഞ്ചാമത
ഒന്നും കൂടുകെ ഉള്ളൂ.

നായർ. അത എന്താകുന്നു? എഴുണ്ടെന്നു പറഞ്ഞു
കേട്ടിരിക്കുന്നു.
കാമവും ക്രോധവും രാഗവും ദ്വേഷവും
മോഹവും ലോഭവും ഡംഭവും എന്നിവ
(൭ പാദം)

ഗുരു. ആകട്ടെ, എന്നാൽ ഞാൻ ചൊല്ലുന്നതു എട്ടാ
മതത്രെ; അതു കപടം തന്നെ. ബോധിച്ചുവൊ?
രാഗദ്വേഷാദികൾ എല്ലാം അകത്തു സുഖേന
വസിച്ചിട്ടും, ജനങ്ങൾ അവററെ മൂടിവെപ്പാൻ
ശീലിക്കുന്നു. ചെട്ടിയുടെ കള്ളപ്പണം പോലെ.
അതുതന്നെ ദൈവത്തിന്നു എത്രയും അനിഷ്ടം.
എല്ലാ ദോഷങ്ങളും ഉണ്ടായിട്ടും, ഞാൻ ദുഷ്ടനെ
ന്നു ആരും വിചാരിക്കുന്നതും ഇല്ല. വ്യാധി
അറിഞ്ഞിട്ടു വേണം അല്ലൊ, ചികിത്സിപ്പാൻ.
അയ്യൊ, ലോകത്തിൽ ഒക്കയും പാപശക്തി
എത്ര വലിയതാകുന്നു.

നായർ. എല്ലാവരും അപ്രകാരമല്ല താനും.

ഗുരു. ഒട്ടൊഴിയാതെ എല്ലാവരും ദോഷവാന്മാർ അത്രെ.

കലിയുടെ വാക്കു കെൾക്ക. (൪ പാദം)

നാലാം യുഗം ഞാൻ അശേഷ ഭൂവാസിനാം
ശീലാദിഭേദം വരുത്തുന്ന പൂരുഷൻ
ധൎമ്മങ്ങൾ ചെയ്യും ജനത്തെ പതുക്കവെ
നിൎമ്മൂല നാശം വരുത്തുവാൻ ഈശ്വരൻ
കാമവും ക്രോധവും രാഗവും ദ്വേഷവും
മാമകന്മാരവർ നാലരും ഭൂപതെ
ലോഭവും മോഹവും ഡംഭമെന്നീവിധം
ശോഭനന്മാർ പലർ ഉണ്ടെന്നറിക നീ
എന്നുടെ കാലം വരാഞ്ഞിട്ടവൎക്കിന്നോർ
ഇന്നാങ്കമായിട്ടിരിക്കുന്നു മന്നവ
പാരിടം തന്നിൽ കടന്നു വിലസുവാൻ
പാരം ഇക്കൂട്ടത്തിന്നാഗ്രഹം സാമ്പ്രതം
കുത്തി പിടിച്ചുമൎത്തീടുന്നു ഞാനിങ്ങു
തത്തിപ്പുറപ്പെട്ടും എന്നാലും ഈവക
അല്പം ക്ഷമിപ്പിൻ ക്ഷമിപ്പിൻ എന്നിങ്ങിനെ
പാൎപ്പിച്ചിരിക്കുന്നു ഞാൻ എന്നറിക നീ
എന്നുടെ കൈക്കൽ നില്ക്കാതെയാമിന്നിമേൽ
അന്നു യഥായോഗം എന്നതെ ഉള്ളു മെ.

ഇപ്പോൾ അല്ലേ കലികാലം? എന്നാൽ, ദോഷങ്ങൾ തത്തിപ്പുറപ്പെട്ടു എന്നും, അതിനാൽ അശേഷ ഭൂവാസികൾക്ക ശീലഭേദം വന്നു എന്നും, ധൎമ്മങ്ങൾ ചെയ്യുന്ന ജനത്തിന്നു നിൎമ്മൂലനാശം സംഭവിച്ചു എന്നും നിശ്ചയിപ്പാൻ സംഗതി ഉണ്ടു.

നായർ. നേർ തന്നെ. സകലവും കലിയുടെ ദോഷ മത്രെ.

ഗുരു. ഹാ! ഹാ! കലിയുടെ ദോഷമൊ? കലി എന്ന ഒ രാളും ലോകത്തിൽ എങ്ങും ഇല്ല. ദേവശത്രുവാ യ പിശാചുണ്ടു, സത്യം. അവൻ ഇപ്പോൾ മ നുഷ്യരുടെ ബുദ്ധിയെ മയക്കി വെച്ചു ആരും ഗ്രഹിയാതെ കണ്ടു, പ്രപഞ്ചത്തിൽ രാജാവാ യിവാഴുന്നുണ്ടു; അവൻ ശൈത്താൻ തന്നെ

നായർ. കലിയൊ, ശൈത്താനൊ? എങ്ങനെ എങ്കി ലും കലിയുഗത്തിൽ മാത്രം ദോഷങ്ങൾ ഇങ്ങ നെ വർദ്ധിച്ചിരിക്കുന്നു.

ഗുരു. ഗ്രന്ഥത്തിലും അപ്രകാരം ചൊല്ലിയിരിക്കുന്നു അതു എനിക്ക ബോധിക്കുന്നില്ല താനും. നള ന്റെ കാലം കൂടെ ദോഷമുള്ളതു എന്നു എന്റെ പക്ഷം.

നായർ. അത എങ്ങിനെ വരും? അന്നു സത്യയുഗ മല്ലെ?

ഗുരു. നളന്റെ കാലം എത്രയും നല്ലത എന്നു അവർ സ്തുതിച്ചിരിക്കുന്നു സത്യം. (൧ പാദം)

അതു പൊഴുതു ഭൂതലെ ദാരിദ്ര്യം എന്നതും
ചതിയുമതി ശാഠ്യവും ചൌൎയ്യ കൎമ്മങ്ങളും
പരയുവതി കാമവും ക്രോധലോഭങ്ങളും
പരുഷമദമാനവും പാന ചാപല്യവും
സതതം അതിവൃഷ്ടിയും വൃഷ്ടിയില്ലായ്കയും
വിതത കലഹങ്ങളും നീച വിശ്വാസവും

ഇവ പല മഹാ ദോഷം ഒന്നും ഇല്ലാ തദാ
ശിവ ശിവ മഹാ സുഖം സൎവ്വദാ ദേഹിനാം
അനഘജന കൎമ്മവും പുണ്യധൎമ്മങ്ങളും
കനകമണി ദാനവും കാലകൎമ്മങ്ങളും
ധരണിസുര പൂജയും ദേവതാസേവയും
ധരണിപതി നൈഷധൻ ചെയ്തു വാണീടിനാൻ

ഇതു നേരായാൽ, ആ കാലത്തിൽ കാമക്രോധ ലോഭങ്ങളും ഡംഭവും മദ്യപാനവും മററുംലോകത്തിൽ കാണ്മാൻ സംഗതി ഇല്ല.

നായർ. അന്നു മഹാ സൌഖ്യമുള്ള കാലം തന്നെ.

ഗുരു. അതു മായയുള്ള വിചാരമത്രെ. പുഷ്കരൻ മുതലായ ദുഷ്ടന്മാരും ഉണ്ടല്ലൊ. അവൻ "നിഷ്കൃപൻ, നിരീശ്വരൻ, നിഷ്ഠുരൻ, നിരങ്കുശൻ" എന്നു ദമയന്തി ചൊല്ലിയില്ലയൊ. (൩ പാദം)

പിന്നെ രാജാക്കന്മാൎക്ക അകപ്പെടുന്ന ൭ വിധം വ്യസനങ്ങളെ അവൾ ഇവ്വണ്ണം പറയുന്നു.

സ്ത്രീകളും, ദ്യൂതങ്ങളും, നായാട്ടും, മദ്യപാനം, ലോകഗൎഹിതം വാക്യദണ്ഡന ക്രൌൎയ്യങ്ങളും.

അതു കൊണ്ടു കാമം ക്രോധം മദ്യപാനം മുതലായ ദോഷങ്ങളൊടു ആ കാലത്തിൽ ഉള്ളവൎക്കും കൂടെ പരിചയം ഉണ്ടായിരുന്നു സ്പഷ്ടം.

നായർ. മൎത്ത്യപ്പുഴക്കൾക്ക പണ്ടു തന്നെ ഉണ്ടായിരിക്കും. അതു നമ്മുടെ ഗതി അത്രെ. ദൈവകല്പിതം എന്നെ വേണ്ടു.

ഗുരു. "ധാതൃ കല്പിതത്തിന്റെ ലംഘനഞ്ചെയ്യീടുവാൻ, ഏതുമെ നിനക്കേണ്ടാ പണ്ഡിതൻ താൻ എന്നാലും" എന്ന ഇക്കൂട്ടു വാക്കു എനിക്കു തോന്നുന്നില്ല. ദൈവം എന്തെല്ലാം വിധിച്ചിട്ടും, പാപത്തെ ഉണ്ടാക്കി വിധിച്ചവനല്ല. അവൻ ശുദ്ധനാകകൊണ്ടു, പാപകാരണമായി വരികയില്ല, നിശ്ചയം. അവൻ പാപത്തെ ഒക്കയും വെറുക്കുന്നു. പാപം അവനിലല്ല, നമ്മിലത്രെ ഉത്ഭവിക്കുന്നതു.

നായർ. ദൈവഹിതമായു അല്ലാതെ, വല്ലതും നടക്കുന്നുവൊ? പാപം ഈശ്വരന്നു വേണ്ടാ എങ്കിൽ, തൽക്ഷണം ഇല്ലാതെ ആം.

ഗുരു. അയ്യൊ, ദൈവത്തിന്നു പാപം വേണ്ടാ എങ്കിലും, അതു മാറുവാൻ ദൈവത്തിന്നും കൂടെ വിഷമമാകുന്നു. മറ്റൊരു വസ്തുവിനെ മാറുവാനും നീക്കുവാനും ദൈവത്തിന്നു പ്രയാസമില്ല; മനുഷ്യരുടെ ഹൃദയത്തെ മാറുന്നതു് എത്രയും പ്രയാസകാൎയ്യം തന്നെ. നാം ദൈവത്തിന്റെ കൈയിൽ യന്ത്രപ്പാവകൾ എന്നു വിചാരിക്കരുതു. നമ്മുടെ സമ്മതം കൂടെ വരുത്തെണം. അതു തന്നെ ദൈവത്തിന്നും പ്രയാസമുള്ള പണി ആകുന്നു.

നായർ. ദൈവം കൂടെ പണിപ്പെടുന്ന പ്രകാരം ഞാൻ ഒരു നാളും കേട്ടിട്ടില്ല. സൎവ്വം ഈശ്വരന്റെ ലീലാവിലാസം എന്നുണ്ടു പോൽ; ലീല എന്നതൊ, കളിയല്ലൊ ആകുന്നു.

ഗുരു. അതെ, ദേവനം എന്ന വാക്കിന്നും കളി എന്നൎത്ഥം തന്നെ. അതുകൊണ്ടു ദേവൻ എന്നു വെച്ചാൽ, കളിക്കാരൻ എന്നായ്വരും. ൟ പാപികൾക്കു നിത്യ പ്രയാസവും, വാനവൎക്കു നിത്യ കളിയും ഉണ്ടു, എന്നു പണ്ടു തന്നെ ൟ ദേശക്കാൎക്കു തോന്നിയിരിക്കുന്നു. അതു നില്ക്കു. നമ്മുടെ പാപദോഷങ്ങളും ദൈവത്തിന്നു വളരെ പ്രയാസം വരുത്തുന്നു, എന്നു അവൻ താൻ അരുളിച്ചെയ്തു. അവൻ തന്റെ പുത്രനെ ൟ ലോകത്തിൽ അയച്ചു, മനുഷ്യനായി പിറക്കുമാറാക്കിയതല്ലാതെ, നമ്മുടെ പാപഭാരത്തെ ഒക്കയും അവന്മേൽ ചുമത്തി, അവനെ നമുക്കു വേണ്ടി ഘോര കഷ്ടത്തിലും മരണത്തിലും ഏല്പിച്ചു. ഇങ്ങിനെ പാപത്തിന്നു പ്രായശ്ചിത്തമാക്കി വെച്ചിരിക്കുന്നു സത്യം. ൟ വിധമുള്ള പ്രയാസത്താൽ അല്ലാതെ, ഒരുത്തനും പാപം മാറുകയില്ല, എന്നു അവന്നു തന്നെ അറിയാമല്ലോ. മനുഷ്യരിൽ വളരെ സ്നേഹവും കൃപയും ആകകൊണ്ടത്രെ, ഇപ്രകാരം നമുക്കു വേണ്ടി കഷ്ടിച്ചു രക്ഷക്കായി ഒരു വഴിയെ ഉണ്ടാക്കിയിരിക്കുന്നതു.

നായർ. അങ്ങിനെ നിങ്ങളുടെ മതം. ഞങ്ങളുടെ ദേവകൾക്കും ഋഷികൾക്കും പാപങ്ങളെ ക്ഷണത്തിൽ നീക്കുവാൻ നല്ല പ്രാപ്തി ഉണ്ടു. ശാപമോക്ഷത്തെ വരുത്തുവാനും മറ്റും അവൎക്കു

പ്രയാസം ഒട്ടും ഇല്ല. ഒന്നു ശപിച്ചാലും അനുഗ്രഹിച്ചാലും ഉടനെ ഒത്തു വരുന്നു.

ഗുരു. അയ്യൊ, എന്തു പറയുന്നു! നിങ്ങളുടെ ദേവകൾ പാപത്തെ നീക്കുന്നത് എങ്ങിനെ? അവർ തന്നെ പാപികൾ ആകുന്നുവല്ലൊ. പിന്നെ പാപത്തെ അകററുവാൻ മനസ്സും പ്രാപ്തിയും എവിടുന്നു വരുന്നതു?

നായർ. ഗുരുക്കളെ, ദൃഷിവാക്കു വേണ്ടാ! പാപങ്ങളുടെ വിവരം പറഞ്ഞുവല്ലൊ. ഞങ്ങളിൽ വല്ല ദോഷം കണ്ടാലും, പറയാം; ദേവന്മാരോടു മാത്രം ഏഷണി അരുതു.

ഗുരു. ഞാൻ ഏഷണി പറകയില്ല; പറഞ്ഞതിന്നു തുമ്പുണ്ടാക്കുവാൻ വിഷമം ഇല്ല. നിങ്ങൾ ഇങ്ങിനെ മുരിക്കിൻ കൊമ്പു പിടിച്ചിരിക്കുന്നതു എനിക്കു സങ്കടം ആകുന്നു. അത്രെ ഉള്ളൂ.

നായർ. നമ്മുടെ ദേവകളിൽ എന്തുകുററം കണ്ടിരിക്കുന്നു?

ഗുരു. നിങ്ങളുടെ ശാസ്ത്രങ്ങളിൽ ദൈവഗുണങ്ങൾ ചിലതു നന്നായി വൎണ്ണിച്ചും കാണുന്നു. ഞാൻ ഒരു വാക്കു പറയാം. (൨ പാദം)

അജൻ, അമരൻ, അമിതഗുണൻ, അഗുണൻ, അമലൻ, ആനന്ദരൂപൻ, നിരീഹൻ, നിരാമയൻ, നിഖിലജനജനനകരൻ, അരികുല വിനാശനൻ, നിഷ്കളൻ, നിത്യൻ, നിരഞ്ജനൻ, നിൎമ്മലൻ.

എന്നു വിദർഭരാജാവു സ്തുതിച്ചിരിക്കുന്നതു ഏകദേശം ഒക്കുന്നു.

സർവ്വാശയങ്ങളിൽ സന്നിധാനം ചെയ്തു
സർവ്വഭാവങ്ങളെ ബോധിച്ചിരിക്കുന്നു (൧ പാദം)

എന്നു ദമയന്തി പറഞ്ഞതും ശരി ദൈവം നമ്മുടെ സർവ്വ ഭാവങ്ങളെയും നോക്കുന്നതിനെ, എല്ലാവരും വിചാരിച്ചാൽ, കൊള്ളായിരുന്നു.

നായർ. അങ്ങിനെ തന്നെ. ഠരംശപരവിചാരം പ്രമാണം.

ഗുരു. എങ്കിലും, നിങ്ങളുടെ ഠരംശപരന്മാരെ വിചാരിക്കുന്നതു പ്രമാണമല്ല. നാമസങ്കീൎത്തനത്താൽ എന്തു ഫലം? ഗുണനാമങ്ങളും ഭാവക്രിയകളും ഒത്തു വരേണം, അല്ലാഞ്ഞാൽ സാരം ഇല്ല. പ്രാസവും രീതിയും ഒപ്പിച്ചു കേട്ടു ശിക്ഷയിൽ തീൎത്തു കൎണ്ണരസം ജനിച്ചാൽ പോരുമൊ? "നിഷ്കളൻ, നിരഞ്ജനൻ, നിൎമ്മമൻ" എന്നു കേട്ടുവല്ലൊ! അതിന്റെ അൎത്ഥം എന്തു?

നായർ. മലവും കറയും അഹങ്കാരവും ഒട്ടും ഇല്ലാതെ എപ്പോഴും നല്ല ശുദ്ധിയുള്ളവനത്രെ.

ഗുരു. അങ്ങനെ തന്നെ. കാമമുള്ളവനെ ശുദ്ധൻ എന്നു ചൊല്ലുമൊ?

നായർ. അതു ആരും പറകയില്ല.

ഗുരു. എന്നാൽ കേൾക്ക, ഇന്ദ്രാദികൾ നാലരും ദമയന്തിയുടെ കല്യാണത്തിന്നായി ഉല കിഴിയുമ്പൊൾ, ഇന്ദ്രാണിയും സഖികളും വേദനയോടെ പറഞ്ഞിതു: (൧ പാദം)

പത്തു നൂറശ്വമേധങ്ങൾ കഴിച്ചതി
ശുദ്ധനായുള്ളൊരു ദേഹം പതുക്കവെ
മാനുഷപ്പെണ്ണിന്റെ വാൎത്ത കേട്ടപ്പൊഴെ
താനെ തിരിച്ചു തനിച്ചു മഹാ രഥൻ
എങ്ങാനും ഉള്ളൊരു നാരിയെ കേട്ടിട്ടു
ചങ്ങാതിമാരും പുറപ്പെട്ടു മൂവരും
ഇജ്ജനത്തിന്നിതു കാണുന്ന നേരത്തു
ലജ്ജയാകുന്നു മനക്കാമ്പിൽ ഏററവും
നാരതന്തന്നുടെ ഏഷണി കേട്ടിട്ടു
നേരെന്നു നാലരും ബോധിച്ചതത്ഭുതം.
തങ്കലെ ദ്രവ്യം വില പിടിക്കില്ലെന്നു
സങ്കല്പം ഉണ്ടാകും എല്ലാജ്ജനങ്ങൾക്കും
കണ്ടാലറിയാത്ത കാമുകന്മാൎക്കേററം
ഉണ്ടാകുമന്നനനൎത്ഥം തിലോത്തമെ
പണ്ടങ്ങഹല്യയെ കണ്ടു മോഹിക്കയാൽ
ഉണ്ടായ വൈഷമ്യം ഇന്ദ്രൻ മറന്നിതൊ

ഇന്ദ്രാണിക്കു മനസ്സിൽ ഏററവും ലജ്ജയാകുന്നതു, നാണെക്കുടെ എന്നു നിങ്ങൾക്കും ബോധിക്കുന്നില്ലയോ?

നായർ. അഹല്യയെ മോഹിച്ചതിനാൽ, ഇന്ദ്രന്നു എന്തു വൈഷമ്യം ഉണ്ടായി?

ഗുരു. അതു പറവാൻ എനിക്കു ലജ്ജ തോന്നുന്നു. ഒന്നു മതി; അത്യന്തമോഹം നിമിത്തം ഋഷി ശപിക്കയാൽ, എത്രയുംഅവലക്ഷണമായശിക്ഷ ഉണ്ടായി. വളരെ കാലം വലഞ്ഞ ശേഷം

ശൂചീന്ദ്രത്തിൽ തന്നെ കുളിച്ചിട്ട, ഇന്ദ്രന്ന ശു
ചി വന്നു, എന്നു പറയുന്നു. അതു പുറമേശു
ദ്ധിയായിരിക്കും. അകമെശ്ശുദ്ധി ഇന്ദ്രന്നഇല്ല.

നായർ. വിശേഷം നിറഞ്ഞു വിളയാടുന്ന തമ്പുരാ
ന്റെ നേരമ്പോക്കുകളെ ദോഷം എന്ന ചൊ
ല്ലുവാൻ, ഞാൻ തുനികയില്ല.

ഗുരു. ഇന്ദ്രൻ താൻ കാമത്തെ സ്തുതിക്കുന്നില്ല. അ
തു ദോഷം എന്നു നല്ലവണ്ണം ബോധിച്ചു.
അതുകൊണ്ടു അവൻ ഉപദേശിക്കുന്നതിന്നു
ഒരു കുറവും ഇല്ല. (൧ പാദം)

സ്ത്രീകളെ ചൊല്ലി ദുരിതം വളൎത്തുവാൻ
പ്രാകൃതന്മാൎക്കെ മനസ്സുള്ളു മന്നവ
മാംസപിണ്ഡങ്ങളിൽ കാമം എന്നുള്ളതു
മാംസള പ്രജ്ഞാ നിനക്കു വേണ്ടുന്നതൊ?

കണ്ടോർ മററവരെ നന്നായി പഠിപ്പിക്കുന്നു. ത
നിക്ക പഠിപ്പാൻ മാത്രം മനസ്സില്ല. അതുകൊണ്ടു
അവൻ പ്രാകൃതൻ മാത്രം അല്ല, കപടക്കാരനത്രെ
എന്നു തെളിയുന്നില്ലയൊ?

നായർ. ദേവന്മാൎക്കു കാമം യോഗ്യമായുള്ളതല്ല, എ
ന്നു എനിക്കും തോന്നുന്നു.

ഗുരു. ദമയന്തിയുടെ വാക്കു പോലെ (൧ പാദം)
ദേവകൾക്കുണ്ടൊ മനുഷ്യനാരീജനെ
ഭാവം ഉണ്ടാകുന്നു ചിന്തിച്ചു ചൊൽക നീ.

ആ വക എത്രയും അയോഗ്യം. പിന്നെ ദേവിമാൎക്കു
മാനുഷപ്പെണ്ണിന്റെ സൌന്ദൎയ്യത്തെ കണ്ടാൽ, അ

സൂയ ഉണ്ടാകുന്നതു, കൊണ്ടു ദേവിമാരല്ല, സാമാന്യ സ്ത്രീകളത്രെ, സ്പഷ്ടം.

നാരിക്കു തന്നേപ്പോലെ മറെറാരുത്തിയെ കണ്ടാൽ
പാരിക്കും പരിഭവം പുഷ്കര ഭോഷ്ക്കല്ലേതും (൩ പാദം)
കേവലം നാട്ടിലെ നാരിമാരുടെ ചേലല്ലൊ.

നായർ. ദേവിദേവന്മാർ തങ്ങളിൽ വിശ്വാസത്തിന്നു ഉറപ്പു പോരാ, കഷ്ടം! മനുഷ്യരിൽ ഉള്ളതിനെക്കാൾ വാനവരിൽ മൎയ്യാദ അധികം കാണേണ്ടതായിരുന്നു.

ഗുരു, നിങ്ങളുടെ ദേവകൾ യോഗ്യായോഗ്യങ്ങളെ വിചാരിക്കുന്നില്ലല്ലൊ. ദോഷം ചെയ്വാൻ അവൎക്കു ലജ്ജ ഇല്ല. ദാരിദ്ര്യവും അപമാനവും അത്രെ ലജ്ജയായി തോന്നുന്നു.

ദേഹി എന്നുള്ള രണ്ടക്ഷരം ചൊല്ലാതെ
ദേഹനാശം വരുന്നാകിൽ സുഖം നൂണാം
ലജ്ജക്കതില്പരം മറെറന്തു കാരണം (൪ പാദം)
എന്നു ഇന്ദ്രൻ തന്നെ പറയുന്നു.

നായർ. അതു സത്യം അല്ലെ? ഇരക്കുന്നതു വലിയ അപമാനമല്ലയൊ?

ഗുരു. മനുഷ്യൎക്കു ഡംഭം വളരെ ആകകൊണ്ടു, ഇരക്കുന്നതു വലിയ ലജ്ജ എന്നു തോന്നുന്നു. എങ്കിലും ഉള്ളിൽ താഴ്മ ഉണ്ടെങ്കിൽ, മുമ്പെ ദൈവത്തോടും പിന്നെ മനുഷ്യരോടും ഓരൊന്നു അപേക്ഷിപ്പാൻ മനസ്സു തോന്നും. ഇതിൽ പരം ലജ്ജയില്ല, എന്നു ഒരുത്തൻ പറഞ്ഞാൽ, അ

വൻ ഡംഭമുള്ളവൻ, എന്നും മോഷണാദി പാപം ചെയ്യുന്നതിന്റെ ലജ്ജയെ അറിയാത്ത അജ്ഞാനി എന്നും പറയേണ്ടത്തു.

നായർ. ദേവന്മാരിൽവേറെദോഷങ്ങളുംകണ്ടുവൊ?

ഗുരു. ഒരു ദോഷം ഉണ്ടെങ്കിൽ, മറ്റെല്ലാ ദോഷങ്ങളുടെ വിത്തും കൂടെ ഉണ്ടാകും. സംശയം ഇല്ല. ഒരുത്തന്നു കാമമുണ്ടെങ്കിൽ, കാമത്തെ സാധിപ്പിക്കേണ്ടതിന്നു ചതിയും വ്യാപ്തിയും വേണം: അസൂയാദ്വേഷങ്ങളും ഉണ്ടാകും. അതുകൊണ്ടു കാമം എവിടെ ആയാലും, അവിടെ ക്രോധം ലോഭം മോഹം മുതലായവയും കൂടി വസിക്കും.

നായർ. എന്നാൽ ദേവന്മാർ വ്യാപ്തി പറയുമൊ?

ഗുരു. മുമ്പെ തന്നെ കേട്ടിട്ടില്ലയൊ?

നാരദൻ തന്നുടെ ഏഷണി കേട്ടിട്ടു
നേരെന്നു നാലരും ബോധിച്ചതത്ഭുതം (പ്ര പാദം)

എന്നു ഇന്ദ്രാണി പറഞ്ഞുവല്ലയൊ. അതുകൊണ്ടു നാരദൻ ഒന്നു പറഞ്ഞാൽ, വിശ്വസിക്കരുതു, എന്നു അവരുടെ വിചാരം പിന്നെ സത്യം വേണം, എന്നു ഇന്ദ്രൻ താൻ മററവരൊടു ഉപദേശിക്കുന്നു, സംശയം ഇല്ല. (പ്ര പാദം)

സത്യം പിഴച്ചാൽ അതിന്നില്ല ദോഷം എന്നു
അത്യന്ത മൂഢത്വം ഉള്ളിൽ ഉറക്കയൊ
സത്യം എന്നുള്ളതാവശ്യം ശരീരികൾക്കു
അത്യുദാരം ഗുണം നേടുവാൻ കാരണം,

വരുണനും ഒന്നു പറയുന്നു. (൧ പാദം)

മൎയ്യാദ ലംഘിക്ക യോഗ്യമല്ലേതുമെ
ധൈൎയ്യം പ്രധാനം ശരീരികൾക്കൊക്കവെ.

നായർ. അതു നേർ തന്നെ; സത്യം വേണം; മൎയ്യാദ
പോലെ നടക്കേണ്ടതു. ചതിപ്പെട അരുതു.

ഗുരു. കലിയൊ പറയുന്നതു കേൾക്ക (൩ പാദം)

കൈടഭാരിയും പണ്ടു കൈതവം കൊണ്ടു തന്നെ
ശ്രദ്ധമാൎഗ്ഗമഹാ ബലിവഞ്ചനം ചെയ്തീലയൊ
ബുദ്ധിമാനായ വിഷ്ണു ദേവനും നിരൂപിച്ചാൽ
ശുദ്ധമാൎഗ്ഗത്തെ കൊണ്ടു സിദ്ധിപ്പാനാളല്ലേതും
ബുദ്ധമാമുനി വേഷം കൈക്കൊണ്ടു പുരന്മാരെ
ബദ്ധകൈതവം വിഷ്ണു മെല്ലവെ കൊല്ലിച്ചീലെ
ധൃഷ്ടത കൂടാതെ കണ്ടിഷ്ടസിദ്ധിയും നാസ്തി.

നായർ. കൈടഭാരി എന്നത ആരാകുന്നു?

ഗുരു. വിഷ്ണു തന്നെ. അവൻ വാമനാവതാരം ചെ
യ്തു മഹാ ബലിയെ വഞ്ചിപ്പാനത്രെ ബു
ദ്ധന്റെ വേഷം എടുത്തും കൊണ്ടു ചതിയെ
പ്രയോഗിച്ചിരിക്കുന്നു. പക്ഷെ വിഷ്ണു ബു
ദ്ധിമാൻ എന്നു പറയാം; ധൈൎയ്യം അവന്നു
പ്രധാനമല്ല സ്പഷ്ടം. ഇങ്ങനെ ദേവകളിൽ ത
ന്നെ ആ അത്യന്ത മൂഢത്വം ഉണ്ടാകയൊ?

നായർ. ആ ശ്ലോകത്തെ കലി തന്നെ ഉപായമായി
പറഞ്ഞില്ലയൊ?

ഗുരു. അതെ. എങ്കിലും നാം ദേവകളെ മാതിരിയായി
നടക്കേണ്ടതല്ലെ? സത്യദൈവത്തിന്നു മക്കളൊ

യിരിക്കുന്ന സത്യമനുഷ്യന്മാർ എല്ലാകാൎയ്യത്തിലും പിതാവിനെ നോക്കി, അച്ഛന്റെ നടപ്പു എങ്ങിനെ, എന്നു അന്വെഷിച്ചു, ഞാനും അപ്രകാരം ചെയ്യാകേണമെ, എന്നു പ്രാൎത്ഥിച്ചും കൊണ്ടു ഇങ്ങിനെ ചുരുങ്ങിയ ക്രമത്തിൽ എങ്കിലും, ദൈവത്തെ പോലെ വ്യാപരിച്ചു കൊള്ളെണ്ടതു. ദെവമക്കൾ ആയവർ ഒക്കയും ദിവ്യക്രിയകളെ ചെയ്വാൻ ശീലിക്കും. ദെവകൾ ദുഷ്ടരായാലൊ, അവരെ സെവിക്കുന്നവരും ദുഷ്ടക്രിയകളെ നല്ലവ, എന്നു നിരൂപിച്ചും സ്തുതിച്ചും കൊണ്ടു, തങ്ങളും അപ്രകാരം ചെയ്യുപോകയില്ലയൊ? കള്ളന്മാർ അതതു ദെവകളെ ചൊല്ലി എല്ലാദോഷത്തിന്നും ഒഴിച്ചൽ പറകയില്ലയൊ?

നായർ. അതു ഏകദേശം ഉള്ളതു തന്നെ.

ഗുരു. ദേവകൾ സത്യവാന്മാരായാൽ, ആ ഏഷണിക്കാരനായ നാരദനോടു നിത്യസംസൎഗ്ഗം ഉണ്ടാകുമൊ? അവർ ദോഷത്തെ വെറുത്തും ഭത്സിച്ചും കൊണ്ടു, അവനൊടു ഒന്നും പറയാതെ, മന്ദഹാസം പൂണ്ടത്രെ ആ കള്ളനൊടു സംഭാഷിക്കുന്നു പോൽ.

നായർ. നാരദൻ ഏഷണിക്കാരൻ, എന്നു കേട്ടിരിക്കുന്നു.

ഗുരു. അവൻ എത്രയും കലഹപ്രിയൻ. ക്രോധവും കലശലും ലോകത്തിൽ കാണാഞ്ഞാൽ, അവന്നു സങ്കടവും അസഹ്യവും അത്രെ.

എന്തു ചെയ്യാമഹൊ ഭാഗ്യമില്ലാത്ത ഞാൻ
എന്തൊരു ദുഷ്കൃതം ചെയ്തുവാൻ നാരദൻ
സംഗരം വേണ്ടാ സമസ്ത ജന്തുക്കൾക്കും
എങ്ങിനെ കാലം കഴിക്കേണ്ടു നാം ഇനി (൧ പാദം)
എന്നിങ്ങിനെ നാരദന്റെ വാക്കു.

നായർ. അപ്രകാരം ഉള്ളവൻ അയലക്കത്തും ഉണ്ടു. വാനവർ അങ്ങിനെ ആയാൽ, മലയാളികൾക്കു ഇത്ര വഴക്കുണ്ടാകുന്നതു, അതിശയം അല്ല.

ഗുരു. ൦രം പറഞ്ഞതു എല്ലാം വിചാരിച്ചാൽ, നളചരിത്രത്തിനാൽ നിങ്ങളുടെ ദേവകൾക്കു മാനം അധികം ആകുന്നില്ല, എന്നു സ്പഷ്ടമായി കാണാമല്ലൊ. ദമയന്തി ആ നാലരെയും വെറുത്തു, ഒരു വെറുമനുഷ്യനെ മാലയിട്ടതും ആശ്ചൎയ്യമല്ല. ദേവന്മാരെക്കാളും, നളൻ തന്നെ എനിക്കും അധികം ബോധിച്ചിരിക്കുന്നു. ഭാൎയ്യയെ പിരിഞ്ഞകാലത്തിൽ അവനു പരസ്ത്രീസംഗം ഇല്ല പോൽ. ഇന്ദ്രൻനിമിത്തം സ്വസ്ത്രീകൾക്കുണ്ടായ പരവശത പോലെ അവന്റെ ഭാൎയ്യെക്കു വന്നതും ഇല്ല.

നായർ. ദേവകൾ അപ്രകാരമായാൽ; പാപത്തെ ഇല്ലാതാക്കുവാൻ മനസ്സുണ്ടാകയില്ല, എന്നു തോന്നുന്നു.

ഗുരു. നിശ്ചയം; അവൎക്കു മനസ്സില്ല, പ്രാപ്തിയും പോരാ. ദമയന്തി അവരെ വെറുത്തതിനാൽ പിന്നെ അവർ പറയുന്നിതു: (൨ പാദം)

ഞങ്ങൾ നാലരും കൂടി ചെന്നിത്തു സ്വയം വരെ
മംഗലാംഗിയെക്കൊണ്ടു പോരുവാൻ മോഹത്തൊടെ
ഞങ്ങളെ വരിച്ചീല മാലയാ ദമയന്തീ
ഞങ്ങളും കാണ്കെത്തന്നെ നളനെ മാലയിട്ടു
നിഷ്ഫലപ്രയത്നന്മാർ ഞങ്ങളും വിരവോടെ
ഇപ്രദേശത്തെ പ്രാപിച്ചീടിനാരിതുനേരം
ഇങ്ങനെ പരമാൎത്ഥം തത്ര സംഗതം കലെ
നിങ്ങളും വൃഥാ ചെന്നു ചാടുവാൻ തുടങ്ങേണ്ടാ.

ഇതിന്റെ ഭാവം ഗ്രഹിച്ചുവൊ? ഒരു കന്യകയുടെ മനസ്സിനെ തങ്ങളിൽ ആക്കേണം എന്നു വെച്ചു അവർ പുറപ്പെട്ടു, പ്രയത്നം നിഷ്ഫലമായി താനും. പിന്നെ മുരമ്പാപികളുടെ മനസ്സിനെ മാററി, ദോഷത്തിൽ അറെപ്പും, ഗുണത്തിൽ ഇഷ്ടവും ജനിപ്പിപ്പാൻ, അവരാൽ എങ്ങിനെ കഴിയും? ഠരം വക ഒന്നും അവരാൽ സാധിക്കാത്തതു.

നായർ. പാപത്തെ മാററുവാൻ നിങ്ങളുടെ ദൈവത്തിന്നും വിഷമം ആകുന്നു, എന്നു മുമ്പെ പറഞ്ഞില്ലയൊ?

ഗുരു. പറഞ്ഞു. അത് എങ്ങിനെ എന്നാൽ, ദൈവം തോന്നുന്നതു എല്ലാം കളി കണക്കനെ തീൎക്കുന്നു, എന്നു നിങ്ങൾ ചൊല്ലിയതിന്നു മാത്രം ഞാൻ ഉത്തരം പറഞ്ഞതു. ഇനിയും പറയുന്നു; ദൈവം പാപത്തോടു കളിക്കുന്നവനല്ല; താൻ പ്രയത്നം ചെയ്യുല്ലാതെ കണ്ടു, പാപത്തെ നീക്കുകയും ഇല്ല. നല്ല അച്ഛനെ പോലെ ദുഷ്ട മക്കളോടു ഭയം കൊണ്ടും നയം കൊ

ണ്ടും ഓരോന്നു പറഞ്ഞും ശിക്ഷിച്ചും സമ്മാനിച്ചും കൊണ്ടു, പ്രപഞ്ച മോഹത്തിൽ നിന്നും, ശീലിച്ച പാപങ്ങളിൽ നിന്നും വേൎവ്വിടുപ്പാനും, അവരുടെ മനസ്സിനെ തങ്കൽ ആക്കി ഉറപ്പിപ്പാനും, പ്രയത്നം കഴിക്കുന്നു. അവൻ തെളിച്ചതിൽ അവർ നടക്കാഞ്ഞാൽ, നടന്നതിലെയും തെളിക്കും ' ഇങ്ങിനെ അവൻ നമ്മിലെ വാത്സല്യം കൊണ്ടു ചെയ്യുന്ന മഹാപ്രയത്നം നിഷ്ഫലമായി പോകയും ഇല്ല. അനേകർ അവനോടു മറുത്തു നിന്നാലും, ക്രമത്താലെ അനുസരിക്കേണ്ടിവരും. ഈ മലയാളദേശത്തിൽ നിന്നും അവൻ കള്ള ദേവകളെയും പണ്ടു പണ്ടെ വേരറുന്നി, വളൎന്ന പാപങ്ങളെയും ക്രമത്താലെ നീക്കി കൊണ്ടു, പടെച്ചവൻ അല്ലാതെ ഒരു ദൈവവും ഇല്ല, എന്നുള്ള സമ്മതത്തെ എല്ലാടവും വരുത്തും.

നായർ. ഈ കേരളഭൂമി പരശുരാമനാൽ പടെക്കപ്പെട്ടുവല്ലൊ! .

ഗുരു. അതു നിങ്ങൾ പ്രമാണിച്ചല്ല, ചിരിച്ചത്രെ പറയുന്നു. പരശുരാമനല്ലൊ അമ്മയെ കൊന്നിട്ടുള്ള മഹാപാപിയത്രെ. പാപികൾക്കു ഒന്നും സൃഷ്ടിപ്പാൻ കഴികയില്ല. എന്നു വേണ്ടാ; സൎവ്വലോകത്തെയും പടെച്ചവനും ഉടയവനുമായിരിക്കുന്നതു ഒരുവനത്രെ. അവനെ വന്ദിക്കെയാവു. ശേഷം യാതൊന്നിനെയും വന്ദിക്കയും, ദൈവം എന്നു വിചാരിക്കയും അരുതു.

കാമക്രോധങ്ങൾ മുതലായവറ്റെക്കാളും, കള്ള ദേവാരാധന തന്നെ അധികം കൊടിയ കുററം ആകുന്നു. നല്ല ദൈവഭക്തി ഉണ്ടാകുമ്പൊഴെക്ക മുൻചൊന്ന ആ നാലും ഏഴും ഇല്ലാതെ പോകും നിശ്ചയം.

നായർ. ഗുരുക്കളെ ഇപ്പൊൾ മതി. എനിക്ക പൊകെണം. നാളെ സമയം ആയാൽ, ഞാൻ വരാം. ഞാൻ ഇങ്ങിനെ എല്ലാം പറഞ്ഞത മററാരേയും അറിയിക്കരുതു. നിങ്ങളുടെ വേദം ഇദ്ദേഹത്തിന്നു വേണം, എന്നു ആരും പറയരുതു.

ഗുരു. മിണ്ടാതിരിക്കാം. എങ്കിലും പാപത്തെ കൊണ്ടു പറഞ്ഞതു മറക്കരുതെ ദേവകൾ എന്നു ചൊല്ലുന്നതിൽ ഇനി പ്രിയം ഭാവിക്കരുതെ. ആ ദാസ്യം വിട്ടു, സ്വാതന്ത്ര്യം പ്രാപിക്കേണ്ടതിന്നു, ഉടയവൻ താൻ തുണെക്കേണമെ. സലാം

---

## ൨-ാം സംഭാഷണം.

നായർ. ഗുരുക്കളെ, സലാം! ഇന്നലെ ഇന്ദ്രാദിദേവകളെ കൊണ്ടു പറഞ്ഞതിനെ ഞാൻ കുറയ വിചാരിച്ചിരിക്കുന്നു. നളചരിതത്തിൽ ചൊല്ലിയിരിക്കുന്ന ദേവകഥയും മനുഷ്യകഥയും, രണ്ടും സൂക്ഷിച്ചു നോക്കിയാൽ, ഇങ്ങെ ദേവകൾക്കും മനുഷ്യൎക്കും വളരെ ഭേദം ഇല്ല, എന്നു തോന്നുന്നു.

ഗുരു. കാൎയ്യം തന്നെ. മനുഷ്യൻ, താൻ ദേവകളെ സങ്കല്പിക്കുന്തോറും എത്ര ഉത്സാഹിച്ചാലും, മാനുഷഗുണങ്ങളെ അവരിൽ ആരോപിക്കും. അവൻ കാമസക്തനായാൽ, ഒളിസേവക്കാരുടെ പ്രമാണിയായ കൃഷ്ണനെ കീൎത്തിച്ചു ധ്യാനിക്കും; അഭിമാനി ആയാൽ, രാമൻ മുതലായ വീരൎക്കു ദേവത്വം കൊടുക്കും; നായാട്ടുകാരനു ഒർ അയ്യപ്പൻ തോന്നും; ചെറുമൻ ഓരോരൊ പേനയും, കുളിയും മനസ്സിൽ ഉളവാക്കി, പ്രമാണിച്ചു പൂജിക്കും. ഇങ്ങിനെ അതത്തു ജാതിക്കാൎക്കും വകക്കാൎക്കും വെവ്വേറെ പരദേവതകൾ ഉണ്ടായ്വന്നിരിക്കുന്നു. ദേവകളെ ഉണ്ടാക്കുന്ന ദോഷത്തിന്നു മീതെ, മഹാപാതകം ഒന്നുമില്ല എന്നറിക.

നായർ. ഭൂത പ്രേത പിശാചുകളും മററും ഓരോരൊ ജാതി ജീവികൾ ഇല്ലയൊ? ജിന്നുകളും മലാക്കുകളും ഉണ്ടെന്നു, ചോനകരും പറയുന്നുവല്ലോ. ഇങ്ങെ ദേവകൾ നാട്ടുകാരുടെ സങ്കല്പത്താൽ മാത്രം ഉണ്ടായി, എന്നു തോന്നുന്നില്ല.

ഗുരു. അതിനെ ഞാനും പറയുന്നില്ല; മലാക്കുകളും ഭൂതങ്ങളും ഉണ്ടു സത്യം. പടെച്ചവൻ ഉളവാക്കിയ ജീവന്മാർ എണ്ണമില്ലാതോളം ഉണ്ടു. ആ വക ദേവകൾ എന്നു വരികയില്ല താനും.

നായർ. മനുഷ്യരിൽ കാണുന്നതിനെക്കാൾ, ആ ജാതികൾക്കു ഊക്കും ശേഷിയും ചൈതന്യവും അധികം ഇല്ലയൊ?

ഗുരു. ഉണ്ടു. എങ്കിലും അതിന്നിമിത്തം തൊഴുകയും പൂജിക്കയും ചെയ്യു പോകരുതു; ഉടയവൻ അതിനെ നിഷേധിച്ചിരിക്കുന്നു. താൻ മാത്രം വന്ദ്യനും പൂജ്യനും ആകുന്നു, എന്നു അവന്റെ കല്പന.

നായർ. എങ്കിലും ആ ഭൂതങ്ങളും മനുഷ്യരും തമ്മിൽ വളരെ ഭേദം ആയാൽ, ഇവർ അവരെ മാനിക്കേണ്ടെ? പ്രജകൾ മന്ത്രിയെ സേവിച്ചാലും അതു സ്വാമിദ്രോഹം എന്നു, ഒരു രാജാവിന്നു തോന്നുകയില്ല.

ഗുരു. ൦രം വക ന്യായങ്ങൾ എത്ര ചൊല്ലാം. ദൈവം അതിനെ വിലക്കിയിരിക്കുന്നു, എന്ന ഒരു വാക്കു തന്നെ എനിക്കു മതി. സ്രഷ്ടാവെന്നുള്ള

തിന്റെ അൎത്ഥം വിചാരിച്ചാൽ, യാതൊരു സൃഷ്ടിയും വലിയതു, എന്നു നിരൂപിച്ചു കൂടാ. സ്രഷ്ടാവിന്നു ജീവൻ ഉണ്ടായിരിക്കുന്നതു, തന്നാൽ തന്നെ; സൃഷ്ടികൾ ഒക്കയും ജീവനുണ്ടായതു അവനാലത്രെ.

നായർ. ശൈത്താൻ എന്നൊരുത്തൻ ഉണ്ടെന്നു നിങ്ങൾ പറഞ്ഞിരിക്കുന്നു. അവൻ ഒരു ദേവൻ എന്നു വരികയില്ലയൊ?

ഗുരു. അവനും സൃഷ്ടി അത്രെ. ദൈവത്തോടു മറുത്തു, കലഹിച്ചു, മനുഷ്യജാതിയെ ചതിച്ചു, ൟ ബിംബാരാധന മുതലായ മഹാപാതകങ്ങളെ പഠിപ്പിച്ചതിനാൽ, അവൻ ൟ ലോകത്തിന്നു ഒരു ദേവൻ എന്നു വന്നിരിക്കുന്നു, സത്യം.

നായർ. പാപം മനുഷ്യരാൽ ഉണ്ടായതു, എന്നു നിങ്ങൾ മുമ്പെ പറഞ്ഞുവല്ലൊ; ഇപ്പോൾ ശൈത്താനാൽ ഉണ്ടായി എന്നു കേൾക്കുന്നു. കാൎയ്യം എങ്ങിനെ? അവർ ഇരുവരാലും ഉണ്ടായൊ; ഇരുവരേയും ഉണ്ടാക്കിയ ൟശ്വരൻ തന്നെയൊ അതിന്റെ കാരണം എന്തു വേണ്ടു?

ഗുരു. ഞാൻ പറയാം. എന്റെ ബുദ്ധി അല്ല, ദൈവം അരുളിചെയ്ത സത്യവേദത്തിലെ വാക്കത്രെ. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതത്രെ. ആ ശൈത്താൻ എന്നവൻ മുമ്പെ നല്ലവൻ തന്നെ. ഒന്നാം മനുഷ്യനും നല്ലവനത്രെ. തിന്മയൊ ദുൎവ്വിചാരമൊ, ഒന്നും ദൈവത്തിൽ നിന്നു

വരികയില്ല; എങ്കിലും മനസ്സില്ലാത്ത കല്ലും മ
ണ്ണും മരവും മൃഗാദി പ്രാണികളും മാത്രമല്ല, ത
ന്റെ സാദൃശ്യം ഉള്ള മക്കളും ദൈവത്തിന്നു
വേണ്ടുന്നതാകകൊണ്ടു, ഓരോരൊ നല്ല ഭൂതങ്ങ
ളെ ഉണ്ടാക്കിയിരിക്കുന്നു. അവൎക്കു അറിവും
സ്വതന്ത്രചിത്തവും ഉണ്ടു. ഉടയവനെ മാനി
ച്ചും സ്നേഹിച്ചും അനുസരിച്ചും കൊൾവാൻ,
ഏറിയ ഹേതുക്കളും ഉണ്ടു. തങ്ങൾക്കുള്ള സമ
സ്തവും തങ്ങളാൽ അല്ല, അവനാൽ അത്രെ ല
ഭിച്ചതു എന്നുള്ളതു, അവരുടെ മൂലഭാവന ആകു
ന്നുവല്ലൊ. എങ്കിലും സ്വതന്ത്ര ചിത്തത്തെ
കൊടുത്തതു കൊണ്ടു, അവരെ ഹേമിപ്പാൻ ക
ഴികയില്ല; അവർ മിക്കവാറും ഇന്നെവരെ ന
ല്ലവരായി പാൎത്തു, ഉടയവനെ സേവിച്ചു പോ
രുന്നു. അവരിൽ ഒരു ശ്രേഷ്ഠൻ സത്യത്തിൽ
നില്ക്കാതെ, താൻ ദേവൻ എന്നു നടിച്ചിരിക്കു
ന്നു. മറ്റ പല ഭൂതങ്ങളും തങ്ങളെ ഉണ്ടാക്കി
യവനെ അല്ല, ആ കള്ളപ്രമാണിയെ തന്നെ
അനുസരിച്ചു പോയി. അതു അവരുടെ കുററ
[മത്രെ.

നായർ. മനുഷ്യനൊ?

ഗുരു. മനുഷ്യനോടു ആ പിശാചു കളവു പറഞ്ഞു
കൊണ്ടു, ദേവകല്പന ലംഘിക്കേണ്ടതിന്നു, മന
സ്സിനെ ഇളക്കിയിരിക്കുന്നു. ആ പരീക്ഷയി
ൽ മനുഷ്യൻ വീണു പോയനാൾമുതൽ, അ
വന്റെ സന്തതിയായ നാം എല്ലാവരും, അച്ഛ
നെ പോലെ പാപമുള്ളവരായ്തീൎന്നിരിക്കുന്നു.

നായർ. ഇതു പിശാചിന്റെ കുററമൊ; നമ്മുടെതൊ?

ഗുരു. ഇതു മുമ്പെ പിശാചിന്റെ കുററം തന്നെ. അവനു അതി കൊടുപ്പമുള്ള ശാപവും തട്ടിയിരിക്കുന്നു. എങ്കിലും, മനുഷ്യനെ ഹേമം ചെയ്തു നിർബ്ബന്ധിപ്പാൻ, പിശാചിനു കഴിയായ്കകൊണ്ടു, മനുഷ്യൻ അവനെ അനുസരിച്ചു പോയതു, മനുഷ്യന്റെ കുററവും ആകുന്നു. അതിന്നായി കല്പിച്ച ശിക്ഷയൊ, നാം ഇപ്പോൾ അനുഭവിക്കുന്ന കഷ്ട മരണങ്ങൾ തന്നെ.

നായർ. ദൈവത്തിന്നു പാപം വേണ്ടായെങ്കിൽ, ൟ പാപികളെ എല്ലാം പാർപ്പിപ്പാൻ എന്തു? ഒരു വാക്കു കൊണ്ടെ മൂലനാശം വരുത്തി, പുതിയ ലോകം, പുതിയ ഭൂതങ്ങൾ, പുതു മനുഷ്യർ, മുതലായവ ഒക്കയും ഉണ്ടാക്കുവാൻ വിഷമം ഇല്ലല്ലൊ!

ഗുരു. അതിന്നു കഴിവുണ്ടു സത്യം; മനസ്സില്ല താനും.

നായർ. അതു എന്തുകൊണ്ടു?

ഗുരു. താൻ പടച്ചത ഒന്നും ഇല്ലാതാക്കുവാൻ, അവന്നു മനസ്സില്ല. ശിവനെ പോലെ സംഹാരപ്രിയനല്ല, നിശ്ചയം. പാപികളെ രക്ഷിപ്പാനത്രെ, അവന്നു ആഗ്രഹം ഉള്ളു. സകലവും പുതുക്കി യഥാസ്ഥാനത്തിലാക്കുവാൻ, അവൻ തന്റെ പുത്രനെ ൟ ലോകത്തിലയച്ചിരിക്കുന്നു.

നായർ. മതി. ആ യേശു ക്രിസ്തന്റെ കഥ ഇ

പ്പോൾ പറയെണ്ടാ; അതു ബുക്കിൽ വായിക്കാമല്ലൊ.

ഗുരു. ആ പേർ കേൾക്കുമ്പോഴേക്കു എന്തൊരു മുഷിച്ചൽ! ഞങ്ങൾക്കു സകല നാശങ്ങളിലും അതിമധുരമായതു, നിങ്ങൾക്കു ഒട്ടും തോന്നാത്തതു, അതിശയം തന്നെ. അവൻ നിങ്ങൾക്കു എന്തു ദോഷം ചെയ്തു? അവനെ പോലെ, ആർ നിങ്ങളെ സ്നേഹിച്ചിരിക്കുന്നു?

നായർ. മുഷിച്ചൽ ഏതും ഇല്ല; എങ്കിലും സമയം പോരാ. നളചരിത്രത്തിൽ ഇനി ചിലതു പറവാൻ ഉണ്ടൊ?

ഗുരു. ഉണ്ടു; നളന്റെ പാപത്തെ ഗ്രഹിച്ചുവൊ?

നായർ. അതു പാപം എന്നു പറവാൻ ഉണ്ടൊ?

ഗുരു. "ശൌചവും കഴിച്ചാശു" "പാദക്ഷാളനം ചെയ്തു"

അന്നേരം പാദത്തിന്റെ പിമ്പുറം പുറവടി
നന്നായി നനഞ്ഞീലെന്നറിഞ്ഞു മഹാ ശഠൻ
മായയാ നളന്തന്റെ കാലിന്നു ചേൎന്നു കൂടി
കായത്തെ പ്രവേശിച്ചു വസിച്ചാൻ എന്നെ വേണ്ടു
ഭൂപതിക്കതു നേരം ബുദ്ധിയും പകൎന്നിതു
രൂപവും മലിനമായി ചെന്നുടൻ അകമ്പുക്കു
അത്രെ ഉള്ളു. (൨ പാദം)

നായർ. കാൽ നനയാത്തതു കൊണ്ടത്രെ. ആ വൈഷമ്യം എല്ലാം പിണഞ്ഞതു, എന്നു എനിക്കു ബോധിക്കുന്നില്ല.

ഗുരു. ൟ വക ഒന്നിനാലും, പാപം വരാതു, സത്യം. അരുതു, എന്നു ദൈവം കല്പിച്ചതിൽ, മനസ്സു വെക്കുകയാൽ അല്ലാതെ, ഒന്നു തൊട്ടതിനാലും തൊടാത്തതിനാലും, പാപം ഉണ്ടാകയില്ല.

നായർ. കലി, നളന്റെ ശരീരത്തിൽ പ്രവേശിപ്പാൻ, ഇതിനാൽ സംഗതി വന്നതു അതിശയം തന്നെ.

ഗുരു. മനുഷ്യന്റെ സമ്മതം കൂടാതെ പിശാചു അവനിൽ കയറുകയില്ല. മനുഷ്യൻ മുമ്പെ ദോഷം ചെയ്തിട്ടല്ലാതെ, പിശാചിന്നു അവനിൽ ഒർ അധികാരവും ഇല്ല. ഇതു തന്നെ കഥയെ ചമെച്ചവന്റെ തെറ്റാകുന്നു. നളനെ അതിമാനുഷൻ, എന്നു സ്തുതിപ്പാൻ ഭാവിച്ചതുകൊണ്ടു, അവന്റെ ദോഷങ്ങളെ ഒക്കയും കലിയുടെ മേൽ ചുമത്തി ഇരിക്കുന്നു. നളൻ താനും തനിക്കുണ്ടായതിന്റെ വിവരം ദമയന്തിയൊടു അറിയിച്ചതിപ്രകാരം, (൪ പാദം)

കഷ്ടം കലിയുടെ കാൎക്കശ്യം ഇങ്ങനെ
പെട്ടതെല്ലാം നമുക്കിന്ദീവരേക്ഷണെ
പുഷ്കരൻ ചെയ്തതല്ലേതും ധരിക്ക നീ
ദുഷ്കരം ചെയ്തു കലിയുഗം കൈതവം.

കണ്ടൊ തനിക്കും കുറ്റമില്ല, പുഷ്കരന്നും കുറ്റം ഇല്ല; സകലവും കലിയുടെ ദോഷം എന്നു ചൊല്ലുന്നു. ഇതു അസത്യം തന്നെ; മനുഷ്യൻ തന്നെത്താൻ പിശാചിൽ ഏല്പിച്ചിട്ടു ഒഴികെ, അവന്റെ കൈയിൽ പാവ പോലെ ആകയില്ല. നളൻ രാജധൎമ്മത്തെ

യും, ഭാൎയ്യയേയും, മക്കളേയും എല്ലാം മറന്നു, രാജ്യ വും മററും ചൂതിൽ പണയമാക്കി കളഞ്ഞതു, അവ ന്റെ കുററം തന്നെ. അതിന്നായി അവൻ ദുഃഖിച്ചും, നാണിച്ചും, ദൈവത്തോടും ഭാൎയ്യയോടും പ്രജകളോ ടും ക്ഷമ ചോദിക്കേണ്ടതായിരുന്നു. എങ്കിലും നിങ്ങ ളുടെ കാവ്യങ്ങളിൽ ഒക്കയും, മഹത്തുക്കൾക്കു കുററം കാണുന്നില്ല. സകലവും ദൈവയോഗത്താൽ അത്രെ സംഭവിക്കുന്നു, എന്നു വെറുതെ കഥിക്കുന്നു.

നായർ. പുഷ്കരന്റെ പാപമൊ? അവൻ കലിയു
ടെ പാവയായതു അല്ലാതെ, എന്തു?

ഗുരു. അവന്നു കുറയകാലത്തേക്കു ജയം വന്നതു,
കലിയുടെ സഹായത്താൽ തന്നെ.

തോററുതുടങ്ങിവിരവോടു പുഷ്കരൻ
കാററു ശമിച്ചാൽ പറക്കുമൊ പഞ്ഞികൾ (൪ പാദം.)

എങ്കിലും അവന്റെ ദോഷം, കേവലം കലികാര ണമായിട്ടു, ഉണ്ടായതല്ല. മനുഷ്യർ എത്ര നിസ്സാര രായാലും, പഞ്ഞികൾ പോലെ അല്ല. അവനിൽ അ ല്ലൊ കലി പ്രവേശിയാഞ്ഞു; പിശാചു ഇപ്പോഴും എല്ലാ മനുഷ്യരോടും ചെയ്യുന്ന പ്രകാരം, ദുൎബ്ബോധം പലതും പറഞ്ഞു തോന്നിച്ചതെ ഉള്ളു. സമ്മതിച്ച തൊ, പുഷ്കരന്റെ ക്രിയ. അവൻ ചതിയിൽ കുടുങ്ങി, എന്നും പറഞ്ഞു കൂടാ. കലി വന്നു, ഞാൻ കലി ത ന്നെ എന്നും, നിങ്ങൾക്കു ബന്ധുവാകുന്നു എന്നും നളരാജാവു മഹാ ശഠൻ എന്നും,

ചൂതിന്നു വിളിക്കേണം നീ ചെന്നു മടിയാതെ

കൈതവം പലതുണ്ടാം അന്നേരം നരോത്തമ
തോല്ക്കയില്ലെടൊ ഭവാൻ എന്നുടെ സഹായത്താൽ
ഓൎക്കനീ കലിയുടെ കൌശലംമനോഹരം (ന. പാദം.)

എന്നും, എത്രയും സ്പഷ്ടമായി പറഞ്ഞുവല്ലൊ. അതു വഞ്ചന എന്നല്ല, പരീക്ഷ അത്രെ. കൈതവം, ലോഭം, മുതലായ പാപകൎമ്മം എനിക്ക വേണ്ടാ, എന്നു പുഷ്കരൻ വെച്ചാൽ, കലിക്ക എന്തു കഴിവു?

നായർ. ശൈത്താൻ മനുഷ്യരെ ഇപ്രകാരം ചതിക്കുന്നുവൊ? സംഭാഷണം തന്നെ തുടങ്ങുമൊ?

ഗുരു. അതെ ദുൎജ്ജനങ്ങളുടെ വായി കൊണ്ടെങ്കിലും, നമ്മുടെ ഹൃദയത്തിൽ താൻ ഓരൊ മോഹങ്ങളെ തോന്നിച്ചു കൊണ്ടെങ്കിലും, അവൻ ഇങ്ങെ ദുൎഭാവങ്ങളെ മനസ്സിൽ വരുത്തുന്നതു. അവൻ വിശേഷാൽ നമ്മുടെ ഗൎവ്വത്തിന്നു ഇര കാട്ടി പരീക്ഷിക്കുന്നു. താനും അതി ഗൎവ്വിഷ്ഠൻ ആകുന്നുവല്ലൊ. ഇങ്ങിനെ (ന. പാദം.)

ഭൃത്യനായിരിക്കുന്ന നിന്നുടെ അവസ്ഥകൾ
എത്രയും കഷ്ടം കഷ്ടം പുഷ്കര എന്തിങ്ങിനെ
ദാസഭാവത്തെക്കാട്ടിൽ നല്ലതു മൃതി തന്നെ
ഹാസഭാജനമായാൽ എന്തെടൊ സുഖം പിന്നെ
ഉന്നതിക്കായിക്കൊണ്ടു പ്രയത്നം ചെയ്യീടെണം
വന്നതു വന്നു, പിന്നെ ദൈവവും തുണച്ചീടും
അദ്ധ്യം താൻ അദ്ധ്യം ദൈവം എന്നൊരു ചൊല്ലുണ്ടല്ലൊ
വൃദ്ധന്മാരുടെ വാക്യം വ്യൎത്ഥമാകയില്ലേതും.

എന്നതു പോലെ തന്നെ പിശാചു നമ്മുടെ അവസ്ഥയിൽ നീരസവും, ഉന്നതിക്കായി ആഗ്രഹവും ജനിപ്പിച്ചു കൊണ്ടു, ദൈവം താൻ തുണെക്കും എന്നും.

ബുദ്ധിക്കു കുറ്റത്വം കൊണ്ടെന്തൊരു ഫലം തവ
ബുദ്ധികൌശലം കൊണ്ടു സാധിക്കാം സമസ്തവും

എന്നും, ഇങ്ങിനെ ആശ പറഞ്ഞു കൊടുക്കുന്നു. എന്നിട്ടും ആരാനും അവനെ അനുസരിച്ചിട്ടു, ആപത്തിൽ കുടുങ്ങിപോകുമ്പോൾ, "അയ്യൊ! എന്റെ കുററം അല്ല; പിശാചു എന്നെകൊണ്ടു ചെയ്യിച്ചിരിക്കുന്നു" എന്നു പറഞ്ഞാൽ, എന്തു? അവൻ പാവ അല്ല, സ്വാതന്ത്ര്യബുദ്ധിയും മനസ്സാക്ഷിയും ഉള്ളവനാകകൊണ്ടു, ദൈവം അവനു ശിക്ഷ വിധിക്കെ ഉള്ളൂ.

നായർ. പുഷ്കരനു പിന്നെ ശിക്ഷ വന്നു, എന്നുണ്ടല്ലൊ.

ഗുരു. തൊല്വി അല്ലാതെ, ശിക്ഷ ഒന്നും ഉണ്ടായില്ല.

പുഷ്കരൻ, തോററു ഭയപ്പെട്ടു നിന്നിതു
മുഷ്കരൻ, നൈഷധൻ ചൊല്ലിനാൻ മെല്ലവെ
സോദര നിന്നുടെ കുററമല്ലെതുമെ
ഖേദങ്ങൾ എല്ലാം കലിയുടെ കാരണം
ഹേതുവല്ലാതുള്ള മാനുഷന്മാരിലി
ങ്ങേതും പരിഭവം ഇല്ലെന്നറിക നീ. (൪ പാദം.)

എന്നു നളൻ ചൊല്ലി, അവനു സ്ഥാനവും ധനവും കൊടുത്തു "നന്നായി പ്രസാദം വരുത്തി വിട്ടീടിനാൻ."

നായർ. അതു നല്ലതല്ലൊ? ദോഷം ചെയ്യുവരൊട്ട, എല്ലാം കൊണ്ടും ക്ഷമിക്കെണം, എന്ന നിങ്ങൾ ത ന്നെ നിത്യം പറയുന്നവല്ലൊ.

ഗുരു. ക്ഷമിക്കെണം, എങ്കിലും ദോഷം ദോഷം അ ല്ല എന്ന പറയാമൊ? ഒരു മനുഷ്യൻ അറി ഞ്ഞിട്ട, തന്നെ മററവരെ ചതിപ്പാൻ സഹാ യിച്ചാൽ, അവൻ ചതിക്കു ഹേതുവല്ല, എന്ന പറയാമൊ? അവൻ കൂട്ട ഹേതുവല്ലൊ ആകു ന്നു. ക്ഷമിക്കുന്നതിനെ ഞാൻ ഒട്ടും ദൂഷിക്ക യില്ല. അതിനോളം വലിയത എനിക്ക ഒന്നും ഇല്ല. ദൈവം എന്നൊട്ട യേശു ക്രിസ്തൻ നി മിത്തം സൎവ്വ പാപങ്ങളെയും ക്ഷമിച്ചിരിക്കു ന്നു, എന്ന ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കി ലും എന്റെ ദോഷങ്ങളെ ഞാൻ വെറുത്തു പോരെണ്ടതിന്നു, അവൻകൂടക്കൂടെഅവററെ ഓൎപ്പിച്ചു, ബോധം വരുത്തുന്നു. ആ ബോധം ഇല്ലാഞ്ഞാൽ, ക്ഷമിച്ചിട്ടുള്ള കൃപയുടെ ഓൎമ്മ യും വിട്ടു പോകും അതുകൊണ്ടു നളൻ ദൈവഭ ക്തനായാൽ, പുഷ്കരനോട്ട ഇപ്രകാരം പറയെ ണ്ടതായിരുന്നു: "സോദര! ഞാനും നീയും "പാപികൾ അത്രെ. ഞാൻ മുമ്പെ രാജധൎമ്മ "ത്തെ മറന്നു, ചൂതിന്റെ ദോഷത്തിൽ ഉൾ "പ്പെട്ടിരിക്കുന്നു. (൨ പാദം.)

"ചൂതിന്നു വിളിക്കുമ്പൊൾ, അടങ്ങി പാൎത്തീടുക
"ഭൂതലാധീശന്മാൎക്കു യോഗ്യമല്ലെന്നു ചൊല്ലി
"യതു, എന്റെ ദുരഭിമാനം കൊണ്ടത്രെ, ആകുന്നു.

"നീ എന്നെ ചതിപ്പാൻ വിചാരിച്ചതു കൂടെ, കു
"ററം തന്നെ. എന്നൊടു അല്ല നിന്നെ ഉണ്ടാക്കി
"പോററി നല്ലവണ്ണം വളൎത്തിവന്ന ദൈവത്തൊടു
"നീ പിഴെച്ചിരിക്കുന്നു." (൫ പാദം.)

"ഐഹികം മോഹിച്ചു സൎവ്വ വസ്തുക്കളും
"ഗേഹാന്തരങ്ങളിൽ സംഭരിക്കുന്നവൻ
"ദേഹാന്തരപ്രാപ്തികാലം വരുന്നെരം
"ഹാ, ഹാ, മഹാദേവ പാരം വിഷണ്ണനാം."

"ഞാൻ ദേവകല്പനയെ ലംഘിച്ചതിനാൽ, എനി
"ക്കു ദുഃഖം തന്നെ ഉള്ളു. നീ ചെയ്തതിനെ വിചാ
"രിച്ചു, മാനസാന്തരപ്പെട്ടു, ദേവപ്രസാദം വരുത്തു
"വാൻ നോക്കുക. ഞാനും പാപിയാകകൊണ്ടു, നി
"ന്നെ ശിക്ഷിപ്പാൻ തോന്നുന്നില്ല; എങ്കിലും മന
"സ്സിന്നു ഭേദം വരാഞ്ഞാൽ, നീ ദൈവശിക്ഷെക്കു
"തെററിപോകയില്ലെന്നറിക."

നായർ. അതു സത്യം തന്നെ; പാപത്തിന്നു താ ന്താൻ കാരണം, എന്നു ഞങ്ങൾ അധികം വി ചാരിക്കുന്നില്ല. ദമയന്തിക്കും പാപം ഉണ്ടൊ?

ഗുരു. എല്ലാ മനുഷ്യൎക്കും ഉള്ളതു, അവളിൽ കാണാതി രിക്കുമൊ? നളന്റെ സൌന്ദൎയ്യം പറഞ്ഞു, കേട്ട പ്പൊഴെക്കു, അവനെ മോഹിച്ചു, മാരമാൽ പൂ ണ്ടുവലഞ്ഞതു, കന്യകക്കു യോഗ്യംതന്നെയൊ? അവളുടെ പാതിവ്രത്യം തുടങ്ങിയുള്ള ഗുണങ്ങ ളെ ഞാൻ ഇല്ലാതെ ആക്കുകയില്ല, എങ്കിലും

അതു ദൈവത്തിന്നു പോരാത്തതത്രെ. അവൾ തന്റെ ശുദ്ധിയെ, താൻ പ്രശംസിക്കുന്നതു, മനുഷ്യൎക്കു പോരാ. ഒരു വേടൻ മലമ്പാമ്പിന്റെ വായിൽനിന്നു അവളെ രക്ഷിച്ചതിന്നെ, അവൻ നിൎമ്മൎയ്യാദം പറഞ്ഞ ഉടനെ, അവൾ മറന്നു, അവനെ ശപിച്ചു കൊന്നതും, കലിയെ പ്രാവി പറഞ്ഞതും, മറ്റും, നാട്ടുകാൎക്കു ദോഷം എന്നു തൊന്നുകയില്ല. അതു ദൈവത്തോടു അകൃത്യമാകുന്നു താനും. നാം അനുഗ്രഹിക്കയും, ആശീൎവ്വദിക്കയും അല്ലാതെ, ശപിച്ചു പോകരുതു.

നായർ. എന്നാൽ എല്ലാവരും പാപികൾ, എന്നു വരികിൽ, അതിന്റെ ബോധം ആൎക്കും ഇല്ലാത്തതു, എന്തു കൊണ്ടു?

ഗുരു. ദോഷം ചെയ്യുമ്പൊൾ, ഇതു ആകാത്തതു, എന്നു എല്ലാവൎക്കും അല്പം ഊഹിക്കാം. മനസ്സാക്ഷി എന്നു ഒന്നുണ്ടല്ലൊ; അതു ഉള്ളിൽ നിന്നു കുററം ഉണ്ടു എന്നും, ഇല്ല എന്നും, പലവിധമായി പറയുന്നു. നളനും ഒരിക്കൽ പറയുന്നതാവിതു: (൪ പാദം.)

ഞാൻ ചെയ്ത കൎമ്മവും പാരം ജുഗുപ്സിതം
താൻ ചെയ്ത പാപം തനിക്കെന്നതെ ദൃഢം.

എങ്കിലും താൻ ചെയ്ത പാപത്തിന്നായി ഉള്ള ലജ്ജ, ക്ഷണം വിട്ടു പൊയി, എന്നു തോന്നുന്നു.

നായർ. തന്റെ ദോഷങ്ങളെ ഓൎത്തു കൊൾവാൻ, ആൎക്കും ഇഷ്ടം ഇല്ല പോൽ.

ഗുരു. അതു തന്നെ നമ്മുടെ അഭിമാനത്താൽ വരുന്ന സങ്കടം. അഭിമാനത്തെ നമ്മിൽ വളൎത്തുവാൻ, പിശാചു നിത്യം ശ്രമിക്കുന്നു. ദമയന്തിക്കും ംരം ഡംഭം ഉണ്ടു. അതു എങ്ങിനെ എന്നാൽ, നളൻ ചൂതിങ്കൽ ലയിച്ചു പൊയ നേരം, അവൾ മനസ്സിൽ കുത്തുണ്ടായിട്ടു,

ധീരനാം മഹീപാലൻ വഞ്ചിതനായി ഹാ, ഹാ
ഘോരമാം മഹാപാപം കാരണം ധരിക്ക നീ
(൨ പാദം.)

എന്നു പറയുന്നു. അന്നു പരമാൎത്ഥം പോലെ ഊഹിച്ചതു; ശേഷം അവൻ ഭാൎയ്യയെ ത്യജിച്ചു പൊയാറെ, അവൾ പിന്നെയും വിചാരിച്ചു, വേറൊരു ഹേതുവെ അന്വെഷിച്ചു.

മന്ദഭാഗ്യയാം എന്റെ കൎമ്മം എന്നതെ വേണ്ടു

എന്നു പറകയാൽ, ഭാഗ്യക്കുറവത്രെ കാരണം, എന്നു നിരൂപിച്ചു പോയി. ഭൎത്താവിന്നും കുററം ഉണ്ടെന്നു ഒരു സ്മരണ ഉണ്ടു താനും.

ഭാൎയ്യയെ ത്യജിച്ചവനെതൊരു ലോകെ ശുഭം
ഐഹികം പാരത്രികം രണ്ടിനും വിരോധമെന്നു
(൨ പാദം)

ഇങ്ങിനെ പറഞ്ഞു. ഒടുക്കം ഭൎത്താവിന്നു കുററം ഇല്ല, എന്നു നിശ്ചയിച്ചു.

കാന്തന്റെ ബുദ്ധിഭ്രമം വരുത്തുന്നൊരു പാപൻ
കാന്തനെക്കാളും ദുഃഖം പ്രാപിച്ചു വസിക്കെണം.
(൨ പാദം.)

എന്നു പാപകാരണനായ കലിയെ ശപിച്ചു. ഇവ്വണ്ണം എല്ലാം മനുഷ്യരുടെ ബുദ്ധിഭ്രമം. ദുഃഖം സംഭവിക്കുന്തോറും, ഇതു പാപത്തിന്റെ ഫലമത്രെ, എന്നു ദേവവശാൽ ബോധിക്കുന്നു. ആരുടെ പാപത്താൽ, ഏതു പാപത്താൽ, എന്നതൊ, അസാരം ചിലക്കെ തൊന്നുകയുള്ളു.

നായർ. മുജ്ജന്മത്തിൽ ചെയ്തിട്ടുള്ള പാപങ്ങളാൽ അല്ലൊ, ഇപ്പൊഴത്തെ ദുഃഖങ്ങൾ പലതും ഉണ്ടായിരിക്കുന്നതു.

ഗുരു. അയ്യൊ, മുജ്ജന്മം എന്നുള്ളതു ഒരു നാളും വരാത്ത കാൎയ്യം തന്നെ. ദമയന്തിയും കൂടെ അങ്ങിനെ വിചാരിച്ചു. എങ്ങിനെ എന്നാൽ:

പൂൎവ്വമാം ജന്മം തന്നിൽ ചെയ്യൊരു പാപം കൊണ്ടീ
ദുൎവ്വിധം ഭവിക്കുന്നു സൎവ്വ ജന്തുക്കൾക്കിഹ.

(൩ പാദം.)

ഒരു അബദ്ധം ഉണ്ടായിട്ടുള്ള വഴി എന്തെന്നാൽ: ദുഃഖങ്ങൾക്കു പാപം തന്നെ മൂലം, എന്നുള്ളതു പണ്ടെ അറിക കൊണ്ടും, ഇന്നലെയും ഇന്നും ഞാൻ ദോഷം ചെയ്തിരിക്കുന്നു എന്നു പറവാൻ മനസ്സില്ലാതെ, തന്നെത്താൻ ശോധന ചെയ്വാൻ തോന്നായ്ക കൊണ്ടും, ഒരു ദുഃഖത്തിന്നു എന്റെ കൎമ്മം കാരണമായാൽ, ഞാൻ അറിയാത്ത കാലത്തിൽ ചെയ്ത കൎമ്മമായിരിക്കും. അത്ര വലിയ ദോഷം ഒന്നും ഓൎമ്മയിൽ ഇല്ലല്ലൊ, അതുകൊണ്ടു ഒരു ജന്മത്തിന്നു മുമ്പെ ചെയ്തിട്ടുള്ളതായിരിക്കും, എന്നിങ്ങിനെ വിചാരിച്ചതിനാൽ, ഒരു ദുരുപദേശം ഉളവായതു.

നായർ. അതിനാൽ എന്തു ദൂഷ്യം വരും?

ഗുരു. ഏറിയൊരു ദൂഷ്യം ഉണ്ടു. ഉടയവന്നു നമ്മെ ദുഃഖിപ്പിക്കെണ്ടതിന്നു മനസ്സില്ല; ദുഃഖിപ്പിച്ചാൽ ഗു ണത്തിന്നായി തന്നെ ആകുന്നു. പാപത്തിന്റെ ബോധം വരുത്തുവാനത്രെ, ശിക്ഷിക്കുന്നതു. ന ല്ല കുട്ടിയായാൽ, അച്ശൻ ഓങ്ങി കാട്ടുന്നതു, മതി. മ നോ ബോധത്തിന്നു പാപസേവ കൊണ്ടു സൂക്ഷ്മ ത ഇല്ലാതെ പോയാൽ, പിതാവു അധികം ശിക്ഷി ക്കെണം; അതുകൊണ്ടു:

ശോകം എന്നതു വരുന്നേരത്തു, കൂട്ടത്തോടെ ബുദ്ധി ഉണ്ടെങ്കിൽ താന്താന്റെ ദോഷം അറിയെ ണ്ടതിന്നു, തന്നൊടു താൻ നൊണ്ടി നൊണ്ടി ചോദി പ്പാൻ തുടങ്ങും, എന്നാൽ എന്റെ മഹാപാപം ഒ ക്കയും മുജ്ജന്മത്തിൽ ഉള്ളതത്രെ, എന്നു ഒരുത്തൻ ഉറപ്പിച്ചു എങ്കിൽ, എത്ര ശിക്ഷിച്ചാലും, ഉപകാരം ഇല്ല; മനസ്സിന്നു ഭേദം വരുമാറുമില്ല. "പാപമെ ക ൎമ്മം, എന്നതെ ഉള്ളു, ദൈവമെ," "ദേവയോഗം," "എന്റെ വിധി," "തലയെഴുത്തു," "എന്റെ ന സ്രൂത്ത എന്നിങ്ങിനെ ഓരൊന്നു വെറുതെ ചൊല്ലി, തന്നെത്താൻ ആരാഞ്ഞു നൊക്കാതെ, ഹൃദയം വിറ ന്നും കല്ലിച്ചും പൊയിട്ടു, മനുഷ്യൻ തന്റെ പാപ ങ്ങളിൽ മരിക്കും. എന്നാൽ ൦രം വിധി, എന്നുള്ളതു, എത്രയും പൈശാചികമായ സങ്കല്പം തന്നെ.

നായർ. ദമയന്തിയുടെ മനസ്സു കല്ലിച്ചു പോയി, എ ന്നു തൊന്നുന്നില്ല.

ഗുരു. അല്ല, നളനെക്കാൾ ദമയന്തിയുടെ ഭാവം എ
നിക്കു അധികം ബോധിക്കുന്നു. കഥയിൽ
പറഞ്ഞ പേരുകളിൽ, അവൾ തന്നെ വിരൊ
ധം കൂടാതെ ഉത്തമാത്മീകയായിരിക്കുന്നു.

നായർ. എത്രയും സുന്ദരി തന്നെ, അല്ലൊ.

ഗുരു. രൂപസൌന്ദൎയ്യം ഞാൻ പറയുന്നില്ല. മുടിയി
ന്നടിയോളം ഉള്ള ശരീരഭംഗിയെ വൎണ്ണിക്കു
ന്നതും, ആ വൎണ്ണനം രസിക്കുന്നതും, ബുദ്ധി
മാന്നു യൊഗ്യമായി തോന്നുന്നില്ല. ദേഹശോഭ
എത്ര വേഗം വാടി പോകുന്നു! ഹൃദയ ശോഭ
യത്രെ സാരം. വികൃതവേഷനായ പുരുഷ
നിൽ ദമയന്തിക്കു നീരസം തോന്നാത്തതു,
അധികം നല്ല സൌന്ദൎയ്യം തന്നെ. (൪ പാദം.)

കാഞ്ഞിരത്തിന്മെൽ പടൎന്നുള്ള വള്ളിക്കു
കാഞ്ഞിരം തന്നെയും കല്പവൃക്ഷോപമം.

എന്നിങ്ങിനെ അവൾ ഭൎത്താവു, ഏതു രൂപമു
ള്ളവനായാലും, തനിക്കു മതി, എന്നു പറഞ്ഞതു, എ
നിക്കു ഏററവും തെളിയുന്നു. പിന്നെ അവളിൽ കണ്ട
ഒരു സൽഗുണമായ്തു, ദുഃഖത്താൽ മനസ്സിന്നു നല്ല
പതം വന്നതു തന്നെ. അതാവിതു:

നിത്യമല്ലെടൊ സുഖം ദുഃഖവും ജന്തുക്കൾക്കു
ഏകന്റെ ശോകം കണ്ടാൽ അന്യന്നു മനക്കാമ്പിൽ
ലൌകീകത്തിന്നായിട്ടും കുറ്റെിതം ഭാവിക്കേണം
ആക്കിതു വരുമെന്നും ആക്കിതു വരായെന്നും
ഓക്കിലിന്നറിവതിനാരുമെ പോരാ ലോകെ

ഖിന്നനെ കാണുന്നേരം ധന്യന്നു കൃപവേണം
ധന്യനെ കാണുന്നേരം ഖിന്നനും കൃപവേണം
ഖിന്നനു കൃപാമൂലം എന്തെന്നു പറഞ്ഞീടാം
ഇന്നിമേൽ ഇവന്താനും ദുഃഖിയാം എന്നോൎക്കയാൽ
ഉന്നതന്നധോഗതി നിശ്ചയം ധരിക്ക നീ
ഉന്നതി പുനർ അധോഭൂതനും ഭവിച്ചീടും
ഓടുന്ന രഥത്തിന്റെ വണ്ടി എന്നതു പോലെ
കൂടുന്ന ശരീരിണാം ഉച്ച നീചതങ്ങളും
അന്യനെ പരിഹസിച്ചീടരുതെന്നുള്ളതും
മന്നിൽ ഒരം ഗുണജ്ഞന്മാർ പറഞ്ഞു കേട്ടിടുന്നു.
(൩ പാദം.)

തനിക്കു സങ്കടം അറിയാത്ത കാലത്തിൽ, മററവരെ പരിഹസിച്ചു പൊകുമാറുണ്ടല്ലൊ. ദുഃഖങ്ങൾ അനുഭവിക്കയാൽ, അന്യരൊടുള്ള സംസൎഗ്ഗത്തിൽ പരിപാകവും മാൎദ്ദവവും ഉണ്ടാകും.

തുല്യ ദുഃഖന്മാരുടെ വാൎത്തകൾ കേൾക്കുന്നേരം
തെല്ലു ധൈൎയ്യവും ഉണ്ടാം ദുഃഖികൾക്കെന്നു സിദ്ധം.

നായർ. ആ വാക്കു സത്യം തന്നെ. ലോകരുടെ വിനോദം നമ്മുടെ വേദനയൊടു ചേരാത്തതു.

ഗുരു. മറെറാരു ദുഃഖഫലം ദമയന്തിയിൽ അല്പം മുളെച്ചു കാണുന്നു. തന്നെയും കാൎയ്യാദികളെയും രക്ഷിപ്പാൻ കഴിയാത്ത സമയം, ദൈവത്തെ ഭരമെല്പിപ്പാൻ മനസ്സു മുട്ടും (൩ പാദം.)

ഓൎക്ക നീ വണിക്പതെ ഭൂതലെ സ്വതന്ത്രത്വം
ആൎക്കും ഇല്ലല്ലൊ പിന്നെ സ്ത്രീകൾക്കു വിശേഷിച്ചും

ംരംശ്വരൻ വരുത്തുന്നതു ഒക്കയും സഹിച്ചുകൊണ്ടു ംരംശ്വരാപ്പണം ചെയ്തു പാൎക്കയെ ഗതിയുള്ളു.

വലിയ സങ്കടത്തിനാൽ സ്ത്രീകൾ മാത്രമല്ല, മഹാ വീരന്മാരും ധൈൎയ്യ സ്ഥൈൎയ്യ ഭാവങ്ങളെ എല്ലാം ഉപേക്ഷിച്ചു, മനസ്സുരുകി, കണ്ണുനീർ വാൎത്തു, ദൈവത്തെ തേടുകയും, പ്രാൎത്ഥിക്കയും ചെയ്യും. എല്ലാദുഃഖഫലങ്ങളിലും ഇതു തന്നെ വിലയേറിയതു. ഇങ്ങിനെ ആചരിച്ചാൽ, ക്ലേശമാകുന്ന ഉലയിൽ നിന്നു ഊതി കഴിച്ചൊരു തങ്കത്തിനെക്കാളും, മാററു ഏറിവന്നുള്ള മനശ്ശുദ്ധിയോടെ പുറപ്പെടുവാൻ, സംഗതി ഉണ്ടു. പാപസങ്കടത്തിൽ നിന്നു നിങ്ങളെ തന്നെ രക്ഷിക്കെണ്ടതിന്നു, ഒരിക്കൽ എങ്കിലും ദൈവത്തോടു പ്രാൎത്ഥിച്ചിട്ടുണ്ടൊ?

നായർ. സങ്കടം ഉള്ളപ്പോൾ, "ംരംശ്വരാ," "പോററി" "രക്ഷമാം," "പാഹിമാം," "ത്രാഹിമാം," "ശരണം പ്രാപിക്കുന്നേൻ." എന്നിങ്ങിനെ പറയാത്ത കൂട്ടർ എവിടെ ഉണ്ടു?

ഗുരു. ഞാൻ പറയുന്നതു അങ്ങിനെ അല്ല. ദുഃഖത്തിൽ നിന്നു രക്ഷ വേണം, എന്നു എല്ലാവൎക്കും ആഗ്രഹിക്കാം. ദുഃഖകാരണമായ സകല പാപത്തിൽ നിന്നു തന്നെ രക്ഷിപ്പാൻ യാചിക്കുന്നതൊ, നന്ന ദുൎല്ലഭമത്രെ.

നായർ. അതു അധികം ചെയ്യുമാറില്ല. ഞാൻ ഇപ്പോൾ അധികാരിയെ പൊയി കാണെണ്ടതിന്നു നേരമായിരിക്കും; അവിടെ ഒരു കാൎയ്യം

ഉണ്ടു. നിങ്ങൾ തന്നെ അങ്ങിനെ പ്രാൎത്ഥി
ക്കുന്നുവൊ?

ഗുരു. ഞാൻ ദിവസേന പ്രാൎത്ഥിക്കുന്നതു: ദൈവ
മെ, എന്റെ ഹൃദയം നിണക്കു അറിയാം; എ
നിക്കു മുഴുവൻ അറിഞ്ഞുകൂടയല്ലൊ. നീ എ
ന്നെ ശോധന ചെയ്തു, രഹസ്യമായ ദോഷ
ങ്ങളേയും എന്നെ കാണിച്ചു, അറെപ്പു ജനി
പ്പിക്കേണമെ! നീ എന്നെ ശിക്ഷിക്കുന്നോ
ളം, എന്റെ പാപങ്ങളൊടു മാത്രം വൈരം ഉ
ണ്ടു എന്നും എന്നൊടു നല്ല സ്നേഹം ഉണ്ടു എ
ന്നും, ഉള്ളിൽ അറിയിച്ചു തരേണമെ. ൟ പ്ര
പഞ്ചത്തിൽ എന്റെ മനസ്സു പററാതെ, നിങ്ക
ൽ അത്രെ ആകെണ്ടതിന്നു, എന്നൊടു നി
ന്റെ കൃപയെ വലുതാക്കേണമെ. സകല ദോ
ഷത്തിൽ നിന്നും നിന്റെ പുത്രനായ യേശു
ക്രിസ്തന്റെ ബലിനിമിത്തം എന്നെ ഉദ്ധ
രിക്കേണമെ.

നായർ. സമയമായി! ഞാൻ പോകുന്നു. പിന്നെ ഒ
ന്നു പറവാൻ ഉണ്ടെങ്കിൽ, അവസരം ആകു
മ്പോൾ, വരാം.

ഗുരു. ഇനി കുറയ പറവാൻ ഉണ്ടു. ഇന്നു പാപകാ
രണവും, പാപഫലവും, സൂചിപ്പിച്ചു പറ
ഞ്ഞതിനെ വിചാരിച്ചാൽ, കൊള്ളായിരുന്നു.
നിങ്ങളും പടെച്ചവനൊടു ഇതിന്നായി പ്രാ
ൎത്ഥിക്കയില്ലയൊ? എൻ ദോഷങ്ങളെ എനിക്കു
തെളിയിച്ചു, പുതിയ ഹൃദയത്തെ തരേണമെ,

എന്നു അവനൊടു അപേക്ഷിക്കേണ്ടതു; ഇതിനെ തന്നെ മുടക്കേണ്ടതിന്നു, പിശാചു എന്തെങ്കിലും ചെയ്യും. പ്രാൎത്ഥനയെ അവന്നു സഹിച്ചുകൂടാ; എങ്കിലും നിങ്ങൾ ഒക്ക തന്നെ അതു വേണം എന്നു തോന്നിയാൽ അവന്നു കഴിവില്ല, എന്നു കാരണം. നിങ്ങൾ അതിനെ പരീക്ഷിക്കുമൊ?

നായർ. അറിഞ്ഞു കൂടാ. സലാം!

൯-ാം സംഭാഷണം.

നായർ. ശ്രീഗുരവെ നമഃ എന്റെ ഗുരുനാഥനു നമസ്കാരം! അടിയൻ വന്നിരിക്കുന്നു!

ഗുരു. നിങ്ങൾ എനിക്കു ശിഷ്യനാകുമൊ? അയ്യൊ, ഗുരുസ്ഥാനത്തിന്നു ഇവിടെ പ്രാപ്തി പോരാ. എന്നെക്കാൾ വലിയ ഗുരുവിനെ കേട്ടു, കുറിക്കൊള്ളേണമെ.

നായർ. അതു ആരാകുന്നു? നിങ്ങൾ തന്നെ തല്ക്കാലത്തിൽ എനിക്കു മതി.

ഗുരു. എന്റെ വാക്കുകളുടെ സാരത്തെ ദൈവം താൻ ബോധം വരുത്തുക അല്ലാതെകണ്ടു, ഒരു മനുഷ്യനും വശമാക്കയില്ല; യാതൊരു ഗുരുവും തെളിയിക്കയും ഇല്ല. നിങ്ങൾ ദൈവത്തൊടു പ്രാൎത്ഥിച്ചുവൊ?

നായർ. അതു തന്നെ മറന്നു പോയി. ശേഷം പറഞ്ഞതു മിക്കവാറും ഓൎമ്മയിൽ ഉണ്ടെന്നു തോന്നുന്നു.

ഗുരു. ഇന്നു തന്നെ ഓൎമ്മയിൽ ആയിരിക്കും; എങ്കിലും ദൈവസഹായം ഇല്ലാഞ്ഞാൽ, അതു വേഗത്തിൽ വിട്ടു പോകും.

നായർ. പക്ഷെ അപ്രകാരം ആകും. താന്താന്റെ

പാപങ്ങളെ ക്ഷണത്തിൽ മറന്നു പോവാൻ, സംഗതി എന്താകുന്നു?

ഗുരു. അതു പ്രപഞ്ചമോഹത്താലും, പിശാചിന്റെ മായയാലും ഉണ്ടാകുന്നു. നല്ല ചങ്ങാതികളോടിയാലുരുമല്ലൊ. മനസ്സിലും നടപ്പിലും കുറവുകളെ കണ്ടാൽ, പറവാനും മടിക്കയില്ല; നീക്കുവാനും സഹായിക്കും. നമ്മുടെ കുല വൈരിയൊ, മുരടകള്ളനും ഇന്ദ്രജാലക്കാരനും ആകുന്നു; അതുകൊണ്ടു അവൻ ദുഷ്ടരോടു നിങ്ങൾ ധൎമ്മിഷ്ഠർ എന്നും, ഗുണം ചെയ്വാൻ ഭാവിക്കുന്നവരോടു, അയ്യൊ ചെയ്യല്ലെ, ഇതു ദോഷം എന്നും, ൟ വിധം പലതും പറഞ്ഞു, നന്മ ഇന്നത എന്നും, തിന്മ ഇന്നത എന്നും, ഒട്ടും തിരിയാത്ത മൂഢരാക്കി വെക്കുന്നു. അവൻ നമ്മുടെ ദോഷങ്ങളെ വൎദ്ധിപ്പിക്ക അല്ലാതെ, ഒന്നും നീങ്ങാതിരിപ്പാൻ, നല്ലവണ്ണം സൂക്ഷിച്ചു കൊള്ളുന്നു.

നായർ. ഇപ്പോൾ മറന്നതൊ, ചാകും കാലം കാണാം, എന്നുണ്ടല്ലൊ.

ധൎമ്മവും അധൎമ്മവും എന്നിവർ ഇരിവരും
എന്നിയെ സഹായം മററില്ലൊരുവനും തദാ.
എന്നു വിലാപപുരാണത്തിൽ ഞാൻ കണ്ടിരിക്കുന്നു.

ഗുരു. സംശയമില്ല. മനുഷ്യൎക്ക എല്ലാവൎക്കും മരണവും, പിന്നെ ന്യായവിധിയും വെച്ചു കിടക്കുന്നു. നളകഥയിൽ യമൻ ചൊല്ലിയ വാക്കു പറയാം. അതാവിതു:

ധൎമ്മാനുകൂലമാം കൎമ്മങ്ങൾ ചെയ്യുന്ന
കൎമ്മികൾ ശൎമ്മം കരസ്ഥം എന്നോൎക്ക നീ
ദുൎമ്മാൎഗ്ഗം ഓരോന്നു ചെയ്യുന്ന പാപികൾ
മൎമ്മോപഘാതത്തിന്നീശ്വരൻ ഞാൻ എടൊ
ഘോരൻ കൃതാന്തൻ എന്നോൎത്തു പോകെണ്ടെടൊ
സാരധൎമ്മിഷ്ഠൎക്കൽ എത്രയും കോമളൻ. (൧ പാദം.)

എന്നീവണ്ണം മനുഷ്യൎക്ക രണ്ടു വഴിയെ ഉള്ളു.

നായർ. യമൻ എന്നൊരുത്തൻ ഉണ്ടൊ?

ഗുരു. യമൻ തന്നെ ഇല്ല; അവനിൽ ആരോപിച്ച ഗുണങ്ങൾ, പടെച്ചവനിൽ ഉണ്ടു താനും. സകല ആത്മാക്കളും അവനുള്ളവ ആകകൊണ്ടു, അവൻ മാത്രം സകലൎക്കും വിസ്തരിച്ചു, വിധി കല്പിക്കും. നമ്മുടെ ക്രിയകൾ എല്ലാം എഴുതി കിടക്കുന്ന പുസ്തകങ്ങൾ അവന്റെ പക്കൽ ഉണ്ടു. (൧ പാദം.)

ചിത്രഗുപ്തൻ വരെച്ചിട്ടു കിടക്കുന്ന
പത്രം നരുമ്പിച്ചു പൊം എന്നു ഭാവമൊ.

ബോധിച്ചുവൊ? അതു ഓലയല്ല, കടലാസ്സുമല്ല. അവനവൻ ചെയ്തതിന്റെ വിവരം കെടാത വണ്ണം വരെച്ചിട്ടു കിടക്കുന്നു താനും.

നായർ. ഇപ്പൊഴത്തെ ജനങ്ങൾക്കു ഇതിന്റെ ഓൎമ്മ ഇല്ല, കഷ്ടം.

ഗുരു. അതിപ്പോൾ മാത്രമല്ല; പണ്ടു പണ്ടെ മനുഷ്യൎക്ക ഇതിന്റെ വിചാരം വിട്ടു എങ്കിലും,

ന്യായവിധി വരും, എന്നു തോന്നും വണ്ണം, എല്ലാവരുടെ ആന്തരത്തിൽ തന്നെ ഒരു ശല്യം തറെച്ചിരിക്കുന്നു.

നായർ. അതു എന്താകുന്നു?

ഗുരു. ഭയം തന്നെ. അതിനാൽ രാത്രിഭയം, ഗ്രഹണഭയം, ശ്മശാനഭയം, മുതലായ ഭയഭേദങ്ങൾ ഒക്കയും ഉണ്ടാകുന്നു. സകല മനുഷ്യരും തീക്കൊള്ളിമേലെ മീറു കളിക്കുമ്പൊലെ, ചിലപ്പൊൾ തീയുടെ ചൂടു ദൂരത്തുനിന്നു അറിഞ്ഞു വരുന്നു, അപ്പൊൾ ലോകത്തിന്നു നാശം അടുത്തു, നമുക്കും നാശം അടുത്തു എന്നുള്ള ഭാവം തോന്നി തങ്ങളെ ഞെട്ടിക്കുന്നു. (പ്ര പാദം.)

പാപങ്ങൾ ചെയ്യും നരന്റെ വിജൃംഭിച്ച<br>
പാപങ്ങൾ തന്നെ ഭയത്തിന്നു കാരണം<br>
ദുഷ്കൎമ്മം ഒക്കവെ കൂടി ശരീരിണാം<br>
മുഷ്കരമായി ഭയപ്പെടുക്കും തദാ<br>
താൻ ചെയ്ത കൎമ്മങ്ങൾ തന്നൊടു വേർപെടാ.

നായർ. നല്ലവൎക്കും കൂടെ ഭയം ഇല്ലയൊ?

ഗുരു. ദൈവത്തിന്നു മതിയായ നന്മ, ഒരു മനുഷ്യനിലും കാണാ. ദൈവം ന്യായപ്രകാരം വിധിച്ചാൽ, ഉത്തമൎക്കും കൂടെ ശിക്ഷ വരികെ ഉള്ളു.

നായർ. പാപത്തിന്നു ശിക്ഷ എന്താകുന്നു?

ഗുരു. മരണം തന്നെ. ദേഹത്തിന്നല്ലാതെ, ആത്മാവിന്നു രണ്ടാമത ഒരു മരണവും ഉണ്ടു.

നായർ. കേവലം ഇല്ലാതെ പൊകുന്നതു തന്നെയൊ?

ഗുരു. അതല്ല; ചെയ്യു പാപങ്ങളാൽ ഉള്ള ബാധ ഒ
ടുങ്ങാതെ ഇരിക്കും. (പ്ര പാദം.)

ഭോഷ്ക്കു പറകയും വഞ്ചനം ചെയ്കയും
മൌഢ്യവും ഓരൊന്നു കാട്ടി നടക്കയും
സജ്ജനത്തെ കൊണ്ടു ചെണ്ട കൊട്ടിക്കയും
ദുജ്ജനത്തെച്ചെന്നു സേവിച്ചിരിക്കയും
വേണ്ടാത്തവാക്കുകൾ ഓരൊന്നുരെക്കയും
വേണ്ടുന്ന കൃത്യങ്ങൾ ഒക്ക ത്യജിക്കയും
സാധുക്കളൊടു പിടിച്ചുപറിക്കയും
മാധുര്യമില്ലാത്ത ഭാവം നടിക്കയും
ഇത്തരം ദോഷങ്ങൾ ചെയ്യും നരന്മാക്ക
സത്വരം നാശം ഭവിക്കും മഹാമതെ!

നായർ. ഭോഷ്ക്കു പറകയും, വേണ്ടാത്ത വാക്കുരെക്ക
യും ചെയ്യാൽ, നാശം വരുത്തുവാൻ മതിയൊ?
നിങ്ങളുടെ വേദത്തിലും അങ്ങിനെ തന്നെയൊ?

ഗുരു. അതെ; ദൈവം കരുണയാലെ ക്ഷമിക്കുന്നി
ല്ല എങ്കിൽ, കളവു പറക, നിസ്സാരവാക്കു പ
റക, ഇങ്ങിനെ യാതൊരു പാപത്തിന്നും നി
ത്യ ശിക്ഷയെ ഉള്ളു.

നായർ. ഇതു വിഷമമുള്ള വാക്കു. നല്ലവരും കൂടെ
പറയുന്നതിൽ പിഴെച്ചു പോകും.

ഗുരു. വാക്കല്ല വിഷമം, നമ്മുടെ അവസ്ഥ തന്നെ
എത്രയും വിഷമമായിരിക്കുന്നു. അതു അറി
ഞ്ഞാൽ താമസം കൂടാതെ ഒരു വഴിയെ അന്വേ
ഷിക്കെണം.

നായർ. നളന്നു മുക്തി വന്നതു പോലെ, നമുക്കായാൽ, കൊള്ളായിരുന്നു. അവന്നു ഓരൊരൊ ദിവ്യവരവും, അരയന്ന സഹായവും, സൎപ്പ ത്തുണയും, മന്ത്ര വൈഭവവും എല്ലാം ഉണ്ടായി. ഇങ്ങിനെ അതിശയങ്ങൾ ഒക്ക കിട്ടിയാൽ, മോക്ഷം സാധിപ്പിപ്പാൻ പ്രയാസമില്ല.

ഗുരു. അതു എനിക്ക ബോധിക്കുന്നില്ല. മനുഷ്യന്നു രക്ഷ വേണം എങ്കിൽ, താനും കുറയ ഉത്സാഹിക്കെണ്ടെ. പുരുഷന്നു യോഗ്യമായ പ്രയത്നം ഒന്നും നളനിൽ കാണാ. ദമയന്തി അവനെ തിരയിച്ചു വരുത്തിയില്ലെങ്കിൽ, അവൻ ഇന്നും അയൊദ്ധ്യയിൽ വിഷാദിച്ചു വസിക്കും. അതു തന്നെ അവന്റെ ബുദ്ധിഭ്രമം. ദമയന്തിക്കുള്ള പ്രകാരം സ്നേഹവും ആഗ്രഹവും ഉണ്ടായാൽ, കാൎയ്യസിദ്ധിക്കായി വിചാരവും പ്രയത്നവും ഉണ്ടാകും.

നായർ. എന്നാൽ മനുഷ്യൻ താൻ തന്നെ സ്വൎഗ്ഗ പ്രാപ്തിക്ക ശേഷിയുള്ളവൻ, എന്നൊ?

ഗുരു. അല്ല. ഒരു വാക്ക പറയാം. (ഛ പാദം.)
ഞാൻ തന്നെ പോരും മഹാ സങ്കടങ്ങളിൽ
സ്വാതന്ത്ര്യമങ്ങളെ പോക്കുവാൻ എന്നതൊ?
യാതൊരു മനുഷ്യനും അതിന്നു പോരാ.

നായർ. പിന്നെ രണ്ടും കൂടെ വേണം; ദൈവം പാതി താൻ പാതി, നളന്നു കിട്ടിയ പോലെ അതിശയ സഹായങ്ങളും, ദമയന്തിയിൽ കണ്ട

പോലെ മാനുഷ പ്രയത്നവും, തന്നെ വേണ്ടെ
ണം.

ഗുരു. അതിനെ തന്നെ ഞാൻ ഏകദേശം സമ്മതി
ക്കുന്നു. ദോഷത്തിൽ നിന്നു നമ്മെ ഉദ്ധരിപ്പാ
ൻ, മുമ്പെ തന്നെ ദൈവകൃപ വേണം. ഉടയ
വന്റെ പ്രസാദം കൂടാതെ, ഒന്നും സാധിക്ക
യില്ലല്ലൊ. അവൻ മനുഷ്യരെ കെടുപ്പാനല്ല,
രക്ഷിപ്പാൻ തന്നെ, നല്ല മനസ്സുള്ളവൻ, എ
ന്നു താൻ അരുളിച്ചെയ്തതിനെ വിശ്വസിച്ചു
റപ്പിച്ചു കൊള്ളേണം.

ദൈവവിശ്വാസം വൃഥാ ഭവിച്ചീടുമൊ?

നായർ. അതിനെ ഞാൻ നല്ലവണ്ണം ഉറപ്പിച്ചിരി
ക്കുന്നു.

ഗുരു. എന്നാൽ അവനോടു പ്രാർത്ഥിക്കേണം. മക്കൾ
സങ്കടപ്പെട്ടു ചോദിച്ചാൽ, ചോറു കൊടുക്കാ
ത്ത അച്ഛൻ ഉണ്ടൊ?

അർത്ഥിജനങ്ങൾക്കു സമ്പത്തു നല്കുവാൻ
അർത്ഥം വരുത്തുന്ന സാധുവായുള്ളവൻ.

എന്നു ലോകത്തിൽ നടക്കുന്നതു പോലെ, സൎവ്വ
ധനസമൃദ്ധിയുള്ള സ്രഷ്ടാവു തന്നോടു അപേക്ഷി
ക്കുന്നവരെ, വെറുതെ വിട്ടയക്കയില്ല.

നായർ. അവൻ നമ്മുടെ രാജാക്കന്മാരെ പോലെ
ആയാൽ, നമുക്കു എന്തു ഗതി? അവർ തങ്ങ
ളുടെ കാൎയ്യത്തിൽ അത്രെ ലയിച്ചിരിക്കുന്നു; സാ
ധുക്കളെ വിചാരിക്കുമാറില്ല കഷ്ടം.

ഗുരു. നിങ്ങളുടെ ദേവകളും അപ്രകാരം തന്നെ. അ
വർസ്ത്രീകളെ നോക്കുവാൻ പോകുമ്പൊഴും,
തങ്ങളിൽ വക്കാണം തുടങ്ങുമ്പോഴും, സാധുക്ക
ൾ ആശ്രിതരായി വന്നു, തൊഴുതു, കാഴ്ച വെ
ച്ചു, കരഞ്ഞു, ഏറിയോന്നു പ്രാൎത്ഥിച്ചാലും, ചെ
വിക്കൊൾവാൻ അവൎക്കു അവസരം ഇല്ല
ല്ലൊ. അവർ ദമയന്തി പറയുന്ന വമ്പരുടെ
കൂട്ടത്തിൽ ആകുന്നു. (൩ പാദം.)

തങ്കലെ പ്രഭുതാപവും കാട്ടി നില്ക്കുന്ന ഭവാൻ
സങ്കടം ശമിപ്പിപ്പാൻ ആളല്ലെന്നതും വന്നു
തന്നുടെ കാൎയ്യത്തിങ്കൽ ദീക്ഷിച്ചു വസിക്കുന്ന
ദുൎന്നയന്മാരെച്ചെന്നു സേവിക്കുന്നവൻ ഭോഷൻ
പൎവ്വതങ്ങളും മരക്കൂട്ടവും ലതകളും
ദുൎവ്വഹങ്ങളല്ലേതും ഭ്രമിക്കെന്നറിക നീ
ദീനമാനുഷന്മാരിൽ കാരുണ്യമില്ലാത്തൊരു
മാനുഷാധമന്മാരെ ധരിപ്പാൻ പാരം ദണ്ഡം.

നായർ. നിങ്ങളുടെ ദൈവമൊ?

ഗുരു. ഞാൻ പറഞ്ഞുവല്ലൊ. അവൻ പിതാവായിരി
ക്കുന്നു. കുട്ടികൾ വന്നു അപേക്ഷിച്ചാൽ, ആ
രേയും പുറത്താക്കുകയില്ല. ആരെങ്കിലും തന്നൊ
ടു പ്രാൎത്ഥിക്കും തോറും, ചെവിക്കൊള്ളുന്നു. ദൈ
വം സ്നേഹമാകുന്നു; തന്റെ സൃഷ്ടികളെ തന്നെ
പ്പോലെ തന്നെ സ്നേഹിക്കുന്നു. അതുകൊണ്ടു
നമ്മൊടു കല്പിച്ച മുഖ്യധൎമ്മവും, സ്നേഹം എ
ന്നതു തന്നെ ആകുന്നു. മക്കൾ അല്ലൊ അച്ശ
നെ പോലെ ആചരിക്കേണ്ടതു. (൧ പാദം.)

തന്നുടെ സൌഖ്യം വരുവതിന്നാഗ്രഹി
ച്ചന്യോപകാരം പരിത്യജിച്ചീടൊലാ.

നമ്മൊടു കല്പിക്കുന്നതു അവൻ താൻ ചെയ്യാതെ ഇരിക്കയില്ല. എല്ലാ ധൎമ്മങ്ങളിലും അന്യനെ വിചാരിക്കുന്ന സ്നേഹം വലിയതാകുന്നു, എന്നു ദമയന്തിക്കും സങ്കട കാലത്തിൽ ബോധ്യം വന്നു.

തന്നുടെ ജനനം കൊണ്ടന്യനാം ഒരുത്തന്റെ
ഉന്നതി വരുന്നാകിൽ ധന്യൻ ആ ശരീരവാൻ
തന്നുടെ ഉദരത്തെ പൂരിപ്പാൻ അകോവിദൻ
മന്നിൽ ഇല്ലൊരുത്തനും എന്നതു ഗുണമല്ല
കൎമ്മവാക്കായങ്ങളാൽ അന്യനെ പാലിക്കേണം
ധൎമ്മം ഒന്നതു തന്നെ പോരും എന്നറിഞ്ഞാലും
നിൎമ്മമൻ നിരഞ്ജനൻ വിശ്വനായകൻ വിഷ്ണു
ധൎമ്മമുള്ളവരിൽ പ്രീതനായ്വരും ദൃഢം
വേണ്ടതു പരോപകാരാഗ്രഹം ശരീരിണാം.
(൩ പാദം.)

നായർ ഇപ്പോൾ വിഷ്ണുവിനെ സ്തുതിച്ചുവല്ലൊ. നമ്മുടെ ദേവകളിലും കുറയ നന്മ ശേഷിച്ചിട്ടുണ്ടല്ലൊ.

ഗുരു. അവരെ ചമെച്ചുള്ള ദോഷവാന്മാരിൽ എന്ന പോലെ തന്നെ. മനുഷ്യരും വെറും പിശാചുകളല്ല, ദേവസാദൃശ്യത്തിൽ നിന്നു ഓരൊരൊ അംശങ്ങൾ അവരിൽ ശേഷിച്ചിരുന്നു, കൂടക്കൂടെ വിളങ്ങി കാണുന്നു. ദൈവത്തിന്റെ വെളിച്ചം ഒരം നാട്ടിലെ ഇരിട്ടിനോളം പ്രകാശി

ച്ചു, പഴഞ്ചൊൽ മുതലായതിനാൽ, ഓരൊരൊ സത്യഭാവനയെ പരത്തി ഇരിക്കുന്നു. എങ്കി ലും അതു ഒക്കയും ദൈവത്തിന്റെ പ്രസാദം വ രുത്തുവാനും, നരക ഭയത്തെ നീക്കുവാനും, അ ജ്ഞാനത്തെ അകററുവാനും, പോരാ. (പ്രസാദം.)

വീൎയ്യമുണ്ടായിട്ടെല്ലൊ സൂൎയ്യനെ ഭയപ്പെട്ടു
കൂരിരുട്ടുകൾ പോയിപ്പാതാളെ വസിക്കുന്നു
ചാരു സുന്ദരനായ ചന്ദ്രനെക്കാണുന്നേരം
ചാരത്തു മരത്തിന്മേൽ പിടിച്ചു നില്ക്കുന്നല്ലീ.

നിങ്ങളുടെ ദേവകളും, അരചരും, ഋഷികളും, ജ്ഞാനി കളും, മററുള്ള മഹാജനങ്ങളും ഒക്കത്തക്ക കൂടി യാൽ, അവരുടെ സാരാംശം നിലാവും നക്ഷ ത്ര സൈന്യവും ഉണ്ടാക്കുന്ന വെളിച്ചത്തൊടു ഒക്കും. അതും ഒരു വക പ്രകാശം എന്നു പറ യാം. രാത്രിയല്ല, എന്നു ചൊല്ലികൂടാ. രാത്രിയെ ആട്ടി, പകലെ വരുത്തുവാൻ, ഏക സ്രഷ്ടാ വു തന്നെ ഉദിച്ചിട്ടു വേണം.

നായർ. അതു നല്ല ന്യായം തന്നെ.

ഗുരു. ആ നീതി സൂൎയ്യൻ ഉദിച്ചിരിക്കുന്നു സത്യം. ദൈവം താൻ ഈ ലോകത്തിൽ ഇറങ്ങി, നമ്മു ടെ നീചജാതിയെ രക്ഷിക്കെണ്ടതിന്നു, തന്റെ ദിവ്യ ഗുണങ്ങളെ മനുഷ്യശരീരം കൊണ്ടു അ ല്പം മറെച്ചു, നമ്മുടെ കണ്ണുകൾക്ക സഹിക്കാകു ന്നെടത്തോളം അനേകം അത്ഭുത ക്രിയകളാൽ വിളങ്ങിച്ചിരിക്കുന്നു.

നായർ. മുമ്പെ നിങ്ങൾ ദൈവപുത്രൻ എന്നു പറ
ഞ്ഞിരിക്കുന്നു; ഇപ്പോൾ ദൈവം താൻ ഇറ
ങ്ങി, എന്നു ചൊല്ലിയതു എങ്ങിനെ?

ഗുരു. ദൈവം ഏകനത്രെ. പുത്രൻ ആകുന്നതു, പി
താവിന്റെ സ്വരൂപവും, അവനെ ലോക
ത്തിൽ അറിയിക്കുന്ന നിത്യവചനവും തന്നെ.
ആ ഇരിവൎക്കും ഉള്ള ആത്മാവു ഒന്നു തന്നെ.
ഇങ്ങിനെ പിതാ പുത്രൻ വിശുദ്ധാത്മാവു, എ
ന്നു ഏകദൈവം തന്നെ ഉണ്ടായിരിക്കുന്നു.

നായർ. അതു നല്ലവണ്ണം ബോധിച്ചില്ല. പിന്നെ
യും പറയെണം.

ഗുരു. അതു രഹസ്യമാക കൊണ്ടു ഞാൻ ബോധി
പ്പിച്ചാലും, ഇപ്പൊൾ നന്നായി ഗ്രഹിക്കയില്ല
എനിക്കും കൂടെ അതു മുഴുവൻ സ്പഷ്ടമാകുന്നി
ല്ല; വേഗത്തിൽ വരികയുമില്ല. ഞാൻ പുത്ര
നെ കൊണ്ടു പറഞ്ഞുവല്ലൊ; അതു തന്നെ മു
ഖ്യമായതു. അവൻ മനുഷ്യൎക്കു ദൈവസ്നേ
ഹത്തെ കാട്ടുവാൻ, മനുഷ്യനാകുന്നു ചെയ്തു
ള്ള ക്രിയകൾക്കു ഒരന്തവും ഇല്ല. കുരുടൎക്കു കാ
ഴ്ചയും, ചെകിടൎക്കു കേൾവിയും കൊടുത്തു, രോ
ഗികളെ സൌഖ്യമാക്കി, ദുഃഖികളെ ആശ്വാ
സിപ്പിച്ചും നടന്നു, ചത്തവരെയും കൂടെ അ
വൻ ഉയിൎപ്പിച്ചിരിക്കുന്നു; എങ്കിലും എല്ലാവ
രോടും സത്യം പറകയാൽ പുരോഹിതർ മുതലാ
യ പ്രധാനികളുടെ ദ്വേഷം കലശലായി വ
ൎദ്ധിച്ചു, ഒടുക്കം അവരുടെ വൈരത്താൽ അ

നേകം കഷ്ടങ്ങളെ സഹിച്ചു, വിരോധം കൂടാ
തെ ക്രൂരമരണത്തെ അനുഭവിക്കയും ചെയ്തു.

നായർ. അവനെ കൈയ്യും കാലും ആണികളെ കൊ
ണ്ടു മരത്തിന്മേൽ തറച്ചില്ലെ?

ഗുരു. അതെ. അന്നു ചൊരിഞ്ഞിട്ടുള്ള അവന്റെ ര
ക്തം, സൎവ്വലോകത്തിന്റെ പാപങ്ങൾക്കായു
ള്ള പ്രായശ്ചിത്തമാകുന്നു. അതു എങ്ങിനെ
എന്നാൽ: ഒരുവൻ എല്ലാവൎക്കും വേണ്ടി മരി
ക്ക കൊണ്ടു, എല്ലാവൎക്കും വരേണ്ടുന്ന ശിക്ഷ
ക്ക് നിവൃത്തി വന്നു. ഇപ്രകാരം യേശുക്രിസ്തു
ന്റെ ആത്മബലിയാൽ, ദൈവസ്നേഹം വി
ളങ്ങിയിരിക്കുന്നു. ആ ഏക ഗുണവാൻ നിമി
ത്തം എല്ലാ പാപികളൊടു ക്ഷമിച്ചു, കനിഞ്ഞി
രിപ്പാൻ, ദൈവത്തിന്നു മനസ്സുണ്ടു.

നായർ. ദൈവം വെറുതെ ക്ഷമിക്കാത്തതു, എന്തി
ന്നു? തന്റെ പുത്രൻ ഇങ്ങിനെ മരിപ്പാൻ
ആവശ്യമായി തോന്നുവാൻ എന്തു?

ഗുരു. വെറുതെ ക്ഷമിച്ചാൽ ന്യായത്തിന്നു പോരാ.
ദൈവം കളിക്കാരനല്ല, പാപത്തെ അറെച്ചു ശി
ക്ഷിക്കുന്നവൻ, എന്നു ഇപ്രകാരം കാട്ടെണ്ടി
വന്നു. ഇനിയും ഒന്നു പറയാം; ഞാൻ നിങ്ങ
ളെ സ്നേഹിക്കുന്നു, എന്നു ദൈവം എങ്ങും കൊ
ട്ടി അറിയിച്ചാലും, മനുഷ്യർ ക്ഷണത്തിൽ പ്ര
മാണിക്കുമാറില്ല. അതിന്നു ദൃഷ്ടാന്തം എന്തു,
എന്നു ചോദിക്കും. ആയതിനെ പ്രകാശിപ്പി
പ്പാൻ തന്നെ ദൈവം ആ കുലനിലത്തിൽ വെ

ച്ചു തന്റെ സ്നേഹത്തെ പ്രസിദ്ധമാക്കിയതു: മക്കളെ നിങ്ങളെ രക്ഷിപ്പാൻ ഞാൻ എന്തെങ്കിലും ചെയ്യാം, എന്റെ പ്രിയ പുത്രനെ നിങ്ങൾക്കായി തരാം, അവനെ നിങ്ങൾക്ക വേണ്ടി നോവിലും ചാവിലും ഏല്പിക്കാം, പുത്രനെ തന്നതിൽ പിന്നെ ശേഷം ഒക്കയും കൂടെ തരാം, എന്നു ബോദ്ധ്യം വരികയില്ലയൊ? അതുകൊണ്ടു നിങ്ങളുടെ അച്ഛൻ ഞാൻ തന്നെ, എന്നു ഗ്രഹിച്ചു, എന്നോടു മടങ്ങി ചേരുവിൻ, എന്നു പരസ്യമാക്കിയ പ്രകാരം തന്നെ, ആ മരണത്തിന്റെ വൃത്താന്തം ആകുന്നതു.

നായർ. എന്നാൽ നാം എന്തു ചെയ്യേണ്ടു?

ഗുരു. ദൈവം നിങ്ങളെ അനാദി കാലം മുതൽ യേശു ക്രിസ്തുനിൽ തന്നെ സ്നേഹിച്ചിരിക്കുന്നു എന്നും. അവനെ നിങ്ങൾക്കായിട്ടും തന്നിരിക്കുന്നു എന്നും, വിശ്വസിക്കേണം. അങ്ങിനെ ചെയ്താൽ, സകലവും ക്ഷമിച്ചിരിക്കുന്നു; പാപത്തിന്റെ വേരും അററു പോയി; അവന്റെ സ്നേഹം നിങ്ങളിലും പ്രവേശിക്കും; അവന്നായിട്ടും സഹോദരൎക്കായിട്ടും കഷ്ടപ്പെട്ടുവാനും, വേണ്ടുകിൽ മരിപ്പാനും, നിങ്ങൾക്ക തൊന്നുവോളം ഒരു പുതിയ മനസ്സു ജനിക്കും.

നായർ. അങ്ങിനെ തോന്നുവാൻ വളരെ പ്രയാസം.

ഗുരു. നേർ തന്നെ. "വേണ്ടതു പരോപകാരാഗ്രഹം ശരീരിണാം" എന്നു പറവാൻ പ്രയാസം ഇല്ല, എങ്കിലും അന്യരുടെ ഉപകാരത്തിന്നായി

കഷ്ടപ്പെട്ടവാൻ, ദേവശക്തി കൂടാതെ കണ്ടു,
പ്രാപ്തി ഉണ്ടാകയില്ല.

എന്നതു കൊണ്ടു പരാൎത്ഥം ശരീരമെന്ന
ന്നതപ്രജ്ഞത ധരിക്ക നീ നൈഷധ!

ഈ വാക്യം സാരമുള്ളതു. ശരീരം അന്യർനിമിത്തം മത്രെ; ആയതു ഒരു മനുഷ്യനും ചെയ്യില്ല താനും. നല്ലവരും മററവൎക്കു ഉപകരിക്കെണ്ടതിന്നു, താന്താങ്ങടെ ശരീര സൌഖ്യത്തെ കേവലം മറക്കുമാറില്ലല്ലൊ. യേശു മാത്രം തന്റെ ശരീരം ധരിച്ചതും, ചിലവാക്കിതും, മുഴുവനും അന്യോപകാരം തന്നെ ആകുന്നു.

നായർ. പിന്നെ നിങ്ങളും അപ്രകാരം ചെയ്യുമൊ?

ഗുരു. ചെയ്വാൻ തുടങ്ങിയിരിക്കുന്നു. ചുരുങ്ങിയ ക്രമത്തിൽ അത്രെ ചെയ്തു പോരുന്നു; എന്നാലും എനിക്കു നല്കിയ ദൈവശക്തി കൊണ്ടു ഞാൻ ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുന്നു എന്നു പറയാം. അതിന്നായി അവന്നു സ്തോത്രം ഉണ്ടാക. മുമ്പെ ഞാൻ എന്നെ മാത്രം സ്നേഹിച്ചു, അൎത്ഥവും മാനവും സമ്പാദിപ്പാൻ വിചാരിച്ചിരുന്നു, കഷ്ടം.

നായർ. മുമ്പിലെക്കാൾ, നിങ്ങൾക്കു ഇപ്പൊൾ പ്രസാദം അധികം ഉണ്ടാകുന്നതിനാൽ, എനിക്കു ചിലപ്പൊൾ ആശ്ചൎയ്യം തോന്നി. ബന്ധു ജനങ്ങൾ നിങ്ങൾക്കു വിരോധമത്രെ, ജാതിക്കാരും വിരോധം, ലോകവും, വിരോധം, എ

ന്നിട്ടും വിഷാദം ഏറെ കാണുന്നില്ല. ആ ദേ
വശക്തി കിട്ടുന്നതു എങ്ങിനെ? എന്തു വഴി
യാല്വരുന്നു?

ഗുരു. ദൈവപുത്രൻ മരിച്ചു, കുഴിച്ചിടപ്പെട്ടു, മൂന്നാം
നാളിൽ പിതാവിന്റെ തേജസ്സിനാൽ ഉയി
ൎത്തെഴുനീറ്റു, പിന്നെ സ്വൎഗ്ഗത്തിൽ കരേറി
പിതാവിൻ വലഭാഗത്തിരുന്നു, സൎവ്വ ലോക
വും വാണുകൊണ്ടിരിക്കുന്നു. തന്റെ നാമത്തി
ൽ ആശ്രയിക്കുന്നവൎക്കു താൻ തുണ നിൽ
ക്കുന്നു. ഉള്ളു കൊണ്ടു അവരോടു സംസാരി
ക്കുന്നു, തന്റെ ആത്മാവെയും അവരിൽ കൊ
ടുക്കുന്നു; ഇനി കൊടുപ്പാനുള്ള ഏറിയോരു ധ
നത്തിന്നു ഒരു ദൈവാത്മാവു മുങ്കുറത്രെ ആകു
ന്നു. എനിക്കു ശക്തി വരുന്നതു, ആ ദൈവാ
ത്മാവിനാൽ തന്നെ.

നായർ. ഞാൻ പിന്നെ ഒരു നാൾ ഒരു വൎത്തമാനം
കേൾക്കേണം. ഇതിനാൽ തന്നെ നിങ്ങൾക്കു
പാപമോക്ഷം വരും, എന്നു ഉറപ്പിച്ചിരിക്കു
ന്നുവൊ?

ഗുരു. അതെ, പാപമോക്ഷം വന്നിരിക്കുന്നു, വരിക
യും ചെയ്യും.

നായർ. വന്നു എന്നുള്ളതു, ഇനി വരുവാൻ എന്തു?

ഗുരു. സ്വപുത്രന്റെ മരണം നിമിത്തം ദൈവം എ
ന്റെ അപരാധങ്ങളെ ഒക്കയും ക്ഷമിച്ചിട്ടുണ്ടു
സത്യം; എങ്കിലും എന്റെ ദേഹത്തിലും ദേഹി

യിലും വേരൂന്നിയ പാപങ്ങൾ എല്ലാം, അ
റവു പോയില്ല. ദൈവം എത്തിക്കുന്ന ശക്തി
കളെ ആയുധമാക്കി, മരണപൎയ്യന്തം പാപ
ങ്ങളോടു പൊരുതുകൊള്ളേണം. പിന്നെ എ
ന്റെ കൎത്താവിനെ ഉണൎത്തി, ഉയൎത്തിയവ
ൻ, ഒരൊ എന്നെയും വിളിച്ചു, ഹീനദേഹത്തെ
പുതുക്കി, തേജസ്സും നിത്യജീവതപവും തരും, നി
ശ്ചയം. അപ്പോൾ എന്റെ പാപമോചനം
തികഞ്ഞിരിക്കും.

നായർ. ഞങ്ങൾക്കു ഗതി വരുവാനുള്ള പല വഴി
കൾ ഉണ്ടു, എന്നു കേട്ടിരിക്കുന്നു. താന്താന്റെ
ധൎമ്മത്തെ ആചരിച്ചു. മൎയ്യാദയായി നടന്നാ
ൽ മതി, എന്നു സജ്ജനങ്ങൾക്കും തോന്നുന്നു.

ഗുരു. ദമയന്തി പറയുന്ന പ്രകാരം തന്നെയൊ?
ധൎമ്മങ്ങൾ ചെയ്യാൽ അതിന്റെ യഥാബലം
ശൎമ്മം എന്നുള്ളതെ ഉള്ളു സുരാലയെ. (൧ പാദം.)
അതിന്റെ യഥാബലം പോരാ, എന്നു അവൾ
ക്കു ബോധിച്ചില്ല; അത അജ്ഞാന കാലത്തിന്റെ
ദോഷത്താൽ അത്രെ. പാതിവ്രത്യവും മറവും സുരാ
ലയത്തിൽ കടത്തുകയില്ല. ദൈവകരുണ അല്ലാതെ
അവിടെ ശൎമ്മം ഇല്ല; നാം എല്ലാവരും പാപികളാ
കുന്നുവല്ലൊ.

നായർ. ദരിദ്രൎക്ക ഭിക്ഷ കൊടുക്കുന്നതൊ?

ഗുരു. അതും സ്വൎഗ്ഗത്തിൽ എത്തിക്കേണ്ടതായാൽ, ക
ള്ള വഴിയത്രെ. ഇന്ദ്രൻ ചൊല്ലിയതു കേൾക്ക
ഇന്നൊരു ദേഹിക്കു മോദം കലൎന്നൊരു

പൊന്ന കൊടുത്തു മരിച്ചുവെന്നാകിലൊ
ജന്മാന്തരത്തിൽ സഹസ്രാധികം വൃദ്ധി.
ചെമ്മെ ഭവിക്കും എന്നൊക്ക മഹാമതെ! (൧ പാദം.)

ഇതു വ്യാജമത്രെ. അങ്ങിനെ വന്നാൽ, ധനവാന്മാൎക്ക ഗതിക്കു ഒരു വിഷമവും ഇല്ല. ദ്രവ്യം ഇല്ലാത്തവർ എന്തു ചെയ്യും? ഭിക്ഷ കൊടുക്കെണം സത്യം; എങ്കിലും തനിക്ക അതിനാൽ വരുന്ന കൂലിയെ വിചാരിച്ചല്ല, സ്നേഹത്താൽ അത്രെ കൊടുക്കെണ്ടതു.

നായർ. സജ്ജന സംസൎഗ്ഗത്തിന്ന വളരെ സാന്നിദ്ധ്യം ഉണ്ടെന്ന പറയുന്നു.

ഗുരു. സജ്ജനങ്ങൾ ആർ? എത്ര ഉണ്ടെന്ന തോന്നുന്നു? ഏക ദൈവമെ നല്ലവൻ. അവനോട സംസൎഗ്ഗം ഉണ്ടായാൽ, ഏറിയ ഗുണം ഉണ്ടാകും, സംശയമില്ല. (൨ പാദം.)

സജ്ജനസമ്പൎക്കം കൊണ്ടെന്തൊന്ന സാധിക്കാത്തു
ദുൎജ്ജനങ്ങൾക്കു പോലും ബുദ്ധിക്കു ശുദ്ധമുണ്ടാം.
ചമ്പകത്തിന്റെ പുഷ്പം ചേൎപ്പുടം തന്നിൽചെന്നാൽ
ഇമ്പമാം പരിമളം അതിലും ഉണ്ടാമല്ലൊ.

ദൈവപുത്രനെ ചങ്ങാതി ആക്കിയാൽ, അതിന്റെ അനുഭവം കാണും. വേറൊരു സംസൎഗ്ഗത്താലും അങ്ങെ ലോകത്തിൽ ഫലം അധികം കാണുകയില്ല.

നായർ. ശാസ്ത്രങ്ങളെ പഠിച്ചാൽ, ദൈവകൃപ ഉണ്ടാകും, മനശ്ശുദ്ധിയും വരും, എന്നും കേട്ടുവല്ലൊ.

ഗുരു. അതെ ൭൦ ഗ്രന്ഥത്തിന്റെ അവസാനത്തിൽ തന്നെ വായിക്കാം. (൩ പാദം.)

നളചരിതം ഇങ്ങിനെ നല്ല കല്യാണദം
തെളിവിനൊട്ട ചൊൽകിലും കേൾക്കിലും ഭൂതലെ
കലികല്മഷമൊക്കവെ ശാന്തമാകും ദൃഢം
കുലധന സമൃദ്ധിയും ശുദ്ധിയും സിദ്ധമാം
ദുരിതവുമകന്നു പോം ദുഃഖം ഉണ്ടായ്വരാ
മുരമഥനനേററവും പ്രീതി ഉണ്ടായ്വരും
സകല ഫലസിദ്ധിയും സാരമാം മോക്ഷവും
സകല മനുജൎക്കും ഉണ്ടായ്വരും മംഗലം.

അതു തന്നെ അതിമൌഢ്യമുള്ള കാൎയ്യം. ഗുണവും ദോഷവും, നേരും നേരുകേടും, എല്ലാം ഇടകലന്നുള്ള ശാസ്ത്രങ്ങളെ വായിച്ചാലും, കേട്ടാലും, ദുരിതം അകന്നു പോം, ശുദ്ധി സാധിക്കും, വിഷ്ണുവിന്നു പ്രീതി ഉണ്ടായ്വരും, എന്നു ഇപ്രകാരം തങ്ങളുടെ കഥകളെ അവർ വെറുതെ സ്തുതിച്ചിരിക്കുന്നു. എന്നാൽ ഭോഷ്കു പറഞ്ഞാലും, മൎയ്യാദ ലംഘിച്ചു നടന്നാലും, പരോപകാരം ഒന്നും ചെയ്യാതിരുന്നാലും, എത്ര മടിയനും ദോഷവാനും ആയാലും, ഒരു ഗ്രന്ഥത്തെ വായിച്ചു ഉടനെ, പരിഹാരമായി എന്നു നിരൂപിക്കാമൊ? അങ്ങിനെ സകല മനുജൎക്കും മംഗലം വരികിൽ, ഞാൻ തന്നെ ജാതിയിൽ നിന്നും, മതത്തിൽ നിന്നും ഭ്രഷ്ടനായി പോയി, വിഷ്ണു ഇല്ല, എന്നു പറഞ്ഞു പൊയിട്ടും, വിഷ്ണുവിന്നു ഇനിയും എങ്കൽ പ്രീതി ഉണ്ടായ്വരും. ഇതു അബദ്ധമല്ലൊ!

നായർ. ഒരം ശാസ്ത്രങ്ങളിൽ നേരും നേരുകേടും ഇടകലന്നിരിക്കുന്നു, സത്യം. നിങ്ങളെ പോലെ രണ്ടി

നെയും വിസ്മരിച്ചു, വക തിരിക്കുന്നവർ നന്ന ദു
ല്ല്ഭമത്രെ.

ഗുരു. ഇന്നു ഗുണങ്ങളും ദോഷങ്ങളും ഭവാൻ
തന്നെ വിചാരിച്ചു വേൎവ്വിട്ടത്തീടുക
പാലും ജലവും കലൎന്നു വെച്ചാലതിൽ.
പാല്വ വേറാക്കി ഭുജിക്കുമെല്ലൊ ഭവാൻ.

എന്നു ദമയന്തി അരയന്നത്തോടു പറഞ്ഞ പോ
ലെ, ശാസ്ത്രത്തിലെ സത്യവും അസത്യവും വെറാ
ക്കുവാൻ, ഒരു പക്ഷിക്കും മനുഷ്യനും കഴികയില്ല.
ദൈവവചനമാകുന്ന സത്യ വേദത്തെ ആരാഞ്ഞു
കൊണ്ടു പ്രമാണമാക്കിയാലത്രെ, അതിന്നു പ്രാപ്തി
വരും.

നായർ. സത്യവേദത്തെ വായിച്ചാലൊ, കേട്ടാലൊ,
ശുദ്ധി വരും, ദേവപ്രസാദം ഉണ്ടാകും, എന്നു നി
ങ്ങൾ പറകയില്ലയൊ.

ഗുരു. അല്ല, വചനത്തെ കേൾക്കുന്നവരായിരിക്ക
മാത്രമല്ല, ചെയ്യുന്നവരായും ഇരിപ്പിൻ, അല്ലാഞ്ഞാ
ൽ തങ്ങളെ തന്നെ ചതിക്കും എന്നു ഒരു വാക്കുണ്ടു.
പുസ്തകം താൻ, ഗ്രന്ഥം താൻ, എത്ര വായിച്ചാലും,
മുക്തിക്കു പോരാ. അറിവല്ല പ്രമാണം, ദൈവയോ
ഗ്യമായി പൊരാടുക അല്ലാതെ, കിരീടം ധരിക്കയില്ല.

നായർ. വെട്ടി മരിക്കുന്ന വീരന്മാൎക്കു സ്വൎഗ്ഗപ്രാ
പ്തി ഉണ്ടു പോൽ.

ഗുരു. അയ്യൊ, ആ പോരിനെ അല്ല ഞാൻ പറ
ഞ്ഞതു. ഇന്ദ്രന്നു മാത്രം അപ്രകാരം തോന്നും;
അവനല്ലൊ പറഞ്ഞതു: (൧ പാദം.)

അങ്ങുന്നു വന്നു വസിക്കും ജനങ്ങൾക്കും
ഇങ്ങുള്ളവൎക്കും വിശേഷം ഇല്ലേതുമെ
അന്നന്നു കാണാം അനേകം പ്രകാരത്തിൽ
വന്നിങ്ങു വാഴുന്ന മൎത്ത്യപ്രവീരരും
എന്നാൽ അവൎക്കും നമുക്കും സമം തന്നെ
പോരിന്നണഞ്ഞു പിണങ്ങുന്ന വൈരികൾ
നേരിട്ടടുത്താശു വെട്ടി മരിക്കുന്ന
വീരരെച്ചെന്നു വരിക്കും തെരിക്കനെ
സൈരിണീമാരായ നമ്മുടെ നാരിമാർ
നിൎജ്ജരന്മാരായി മേരു ശൈലാഗ്രത്തിൽ
ഇജ്ജനത്തോടൊരുമിച്ചു വസിക്കുന്നു
ഏവം വരുന്നൊരു ദേഹികൾക്കൊക്കവെ
ദേവാധിപത്യം കൊടുക്കുന്നു ഞങ്ങളും.

ഭൂമിയിൽ നിന്നു വെട്ടി മരിക്കുന്ന വീരന്മാരെ സ്വൎഗ്ഗസ്ത്രീകൾ വരിച്ചു, മേലൊട്ടു നടത്തുമ്പൊൾ ഇന്ദ്രൻ അവൎക്കു ദേവാധിപത്യം കൊടുക്കും, പിന്നെ അവൎക്കും, ദേവകൾക്കും സമം തന്നെ; വിശേഷം ഇല്ലേതുമെ, എന്നു പറഞ്ഞതു.

നായർ. ഇതു തന്നെ ഏകദേശം ചേരനാട്ടിലെ മാപ്പിള്ളമാരുടെ ഭാവം പോലെ; എത്ര കളവും ദുൎന്നടപ്പും ചെയ്തു വന്നിട്ടും, ഒടുക്കത്തെ നാളിൽ ചിലരെ വെട്ടി, കൊന്നു മരിച്ചാൽ, സ്വൎഗ്ഗം ഉണ്ടു എന്നു അവർ ഉറപ്പിച്ചിരിക്കുന്നു.

ഗുരു. എന്നാൽ അവൎക്കും നമുക്കും സമം തന്നെ, എന്നുള്ള വാക്കിനെ നന്നായി വിചാരിക്കെണം.

ദൈവത്തിന്നും സൃഷ്ടിക്കും, വിശേഷാൽ പരിശുദ്ധന്നും അശുദ്ധക്കും ഉള്ള വ്യത്യാസം, നിങ്ങളുടെ ശാസ്ത്രത്തിൽ അറിയായ്ക്ക കൊണ്ടു, മനുഷ്യന്നു ക്ഷണത്തിൽ ദൈവത്വം വരും; ദൈവം പല രൂപത്തിലും അവതരിച്ചു. മനുഷ്യരോടു കളിക്കുന്നതിന്നും പ്രയാസം ഒട്ടും ഇല്ല; അവിടുന്നു ഇങ്ങോട്ടും, ഇവിടുന്നു അങ്ങോട്ടും എളുപ്പത്തിൽ ആയിരം വഴികൾ ഉണ്ടു; എന്നതിനെ സൂക്ഷിച്ചു നോക്കിയാൽ, നിങ്ങളുടെ ദേവകൾ മനുഷ്യപ്രായർ അത്രെ; പാപം പോക്കുവാൻ ശക്തി ഒന്നും ഇല്ലാത്തവർ, എന്നു ബോധിക്കും. ഞങ്ങളെ വേദത്തിൽ സത്യദൈവം അവതരിച്ചു, മനുഷ്യനായ്വരുന്നതും, പാപിയായൊരു മനുഷ്യൻ ശുദ്ധിയും ദൈവസാമീപ്യവും പ്രാപിക്കുന്നതും, രണ്ടും എത്രയും ഫലമുള്ള കാൎയ്യങ്ങൾ തന്നെ ആകുന്നു.

നായർ. ഇന്ദ്രൻ പറഞ്ഞതു, കളിയത്രെ. നിങ്ങൾ ചൊന്നതിന്നു, അൎത്ഥശ്രേഷ്ഠത ഉണ്ടു സത്യം; എന്നാൽ നിങ്ങളുടെ പോർ എന്താകുന്നു?

ഗുരു. പിശാചിനോടും, അവന്റെ പട്ടാളമായ കാമക്രോധാദികളോടും പട വെട്ടേണം. മററവരൊടല്ല, തന്നൊടു താൻ ഏററു കൊണ്ടു, തന്റെ പാപത്തെ ശപിച്ചു, പിന്തുടൎന്നു, ഒളിമറയിൽ നിന്നു പിടിച്ചിഴെച്ചു കൊല്ലേണം. പിന്നെ ലോകരുടെ ഉൾപകയും പരിഹാസവും ഉണ്ടല്ലൊ; അതിനാലും ഓരോരൊ അങ്കം ഉണ്ടാകും.

അപവാദവും, നിന്ദയും അനുഭവിച്ചാൽ, അവ പുല്ലു പോലെ വിചാരിച്ചു, തന്റെ കൎത്താവായ യേശു മുന്നടന്ന ചുവടുകളെ നോക്കി നടന്നു, എന്തെല്ലാം ചെറുത്തു നിന്നാലും, വീരനായി ഓടിക്കൊള്ളെണം. വൈരികളോട അഭിമാനിപ്പാനും, അവരെ ശപിപ്പാനും, പകവീട്ടുവാനും, കൂടക്കൂടെ ഇച്ശകൾ മുളെച്ചു തുടങ്ങും; അവററ ഉടനെ അമൎത്തടക്കി, അരിശം വിഴുങ്ങി, ശത്രുവിനെ സ്നേഹിപ്പാനും സേവിപ്പാനും, രഹസ്യമായും പരസ്യമായും ഗുണം ചെയ്വാനും, ശ്രമിച്ചു കൊള്ളെണം. പിന്നെ ദൈവത്തൊടും ചിലപ്പൊൾ ഒരു പോരാട്ടം പോലെ ഉണ്ടു. അവൻ കെൾക്കാത്ത പന്തിയിൽ അടങ്ങി നിൽക്കും; എത്ര പ്രാൎത്ഥിച്ചാലും വിളിച്ചു കരഞ്ഞാലും, ഉത്തരം ഒന്നും ഇറങ്ങുന്നില്ല; വാനം ഇരിമ്പു പോലെ തൊന്നും; ഇങ്ങെ അപേക്ഷയും വിളിയും അങ്ങു കടക്കുന്നില്ല, എന്നുവരും; പിശാചു ഇളിച്ചു ചിരിച്ചു, നിന്റെ ദൈവം എവിടെ, എന്നു ചോദിച്ചു നില്ക്കും; അപ്പൊൾ അഴിനിലെക്കു ഇടം കൊടുത്തു, മടുത്തു പോകരുതു. അതു ഒന്നും ഇല്ല, എന്റെ വിധി അത്രെ, എന്നുള്ള ഭാവത്തെ നിനെക്കയും അരുതു. ദൈവം വേദത്തിൽ അരുളിയ വാഗ്ദത്തങ്ങളെ മുറുക പിടിച്ചു, അപ്പാ പിതാവെ, ഇപ്രകാരം നീ പറഞ്ഞുവല്ലൊ; നിന്റെ വാക്കു പോലെ എനിക്കു ആകെണമെ;

ഞാനല്ലൊ നിന്റെ കുട്ടി ആകുന്നു, നീ എന്നെ കൈവിടാതിരിക്കയില്ല; നീ എന്നെ അനുഗ്രഹിച്ചല്ലാതെ, ഞാൻ നിന്നെ വിടുകയില്ല; നിന്റെ പുത്രനായ യേശുവിൻ നാമത്തിൽ തന്നെ ഞാൻ നിന്നോടു യാചിക്കുന്നു ആമെൻ; എന്നിപ്രകാരം മുൽപുക്ക, ആക്രമിച്ചു കൊള്ളെണം; അതും ഒരിക്കൽ മാത്രമല്ല തികഞ്ഞ ജയം വരുവോളം പൊരുതു വരേണം. ഇങ്ങിനെ ചെയ്താൽ, വീരനായി ചമഞ്ഞു വിരുതിനെ പ്രാപിച്ചു, ദൈവപുത്രൻ ഇരിക്കുന്ന സിംഹാസനത്തിൽ കൂടെ ഇരുന്നിരിപ്പാൻ പാത്രം ആകും.

നായർ. ഇത്രെത്രയും സങ്കടമുള്ള വഴി!

ഗുരു. പാപസേവെക്കു തന്നെ അധികം സൌഖ്യം ഉണ്ടൊ?

ജന്മികൾക്കുണ്ടൊ സുഖത്തിന്നലമ്മതി.

ഞങ്ങൾക്കു ഉയരത്തിൽ നിന്നു വരുന്ന ആശ്വാസങ്ങളും സന്തോഷങ്ങളും നിങ്ങൾ രുചി നോക്കി എങ്കിൽ, ഈ വഴിക്കു മാത്രം സൌഖ്യം ഉണ്ടെന്നു ബോധിക്കും. ജീവനുള്ള ദൈവത്തെ ആശ്രയിച്ചു സേവിക്കുന്നതു, പരത്തിൽ മാത്രം അല്ല, ഇഹത്തിലും കൂടെ എത്രയും ഭാഗ്യമുള്ളതു തന്നെ.

നായർ. ഈ പ്രപഞ്ചത്തിൽ ഇത്ര ശുദ്ധിമാനായി നടപ്പാൻ കഴികയില്ല, എന്നു തോന്നുന്നു. ഇതു കലി കാലമല്ലൊ! നല്ല ജനത്തിന്നു നിമ്മൂലനാശം വന്നുവല്ലൊ.

ഗുരു. കലിയുഗത്തിന്നു തെററി പോകാമല്ലൊ. ഇ പ്പൊൾ തന്നെ വായിച്ചു കേട്ടുവല്ലൊ. ഒരു ഗ്ര ന്ഥം ഉരചെയ്യാൽ കലികലഹം ഒക്കവെ ശാ ന്തമാകും, എന്നു പറഞ്ഞിട്ടുണ്ടു. കലി താൻ അ ത്ര വിടക്കല്ല, അവൻ നളന്നു ഒന്നു പറഞ്ഞു കൊടുത്തു; അതിനെ പറയാം. (൪ പാദം.)

നിന്നെ സ്മരിക്കും ജനങ്ങളെക്കൂട ഞാൻ
ചെന്നു ബാധിക്കയില്ലെന്നു ബോധിക്ക നീ
എന്നെയും നിന്നെയും നിങ്കളുത്രത്തെയും
പന്നഗം തന്നെയും ഭാഗ്യസ്വാരിയെയും
ഒന്നിച്ചു ചിന്തനം ചെയ്യുന്ന മത്ത്യന്നു
വന്നീടും ഐശ്വൎയ്യം ആപത്തകന്നു പോം.

അതുകൊണ്ടു കലിയുഗം ഒട്ടൊഴിയാതെ, എല്ലാവ രെയും ബാധിക്കുന്നില്ല, സ്പഷ്ടം. നളനെ ചിന്തിച്ചാ ൽ, ആ ബാധ തീരുകയില്ല താനും. ഞാൻ പറഞ്ഞി ട്ടുള്ള ദൈവപുത്രനെ സ്മരിച്ചു കൊണ്ടാൽ, കലിബാ ധ തീരും, എന്നു ഞാൻ തന്നെ കൈയേല്ക്കുന്നുണ്ടു.

നായർ. അതിന്നു എനിക്കു ധൈൎയ്യം പോരാ. രണ്ടു മൂന്നു ആളുകൾ മാത്രം യേശുവിനെ വിശ്വ സിച്ചിരിക്കുന്നു. നിങ്ങളുടെ മാൎഗ്ഗം ഒരു നാട്ടിൽ പരന്നു നടക്കും എന്നു തോന്നുന്നില്ല.

ഗുരു. മററവൎക്കു വേണ്ടാതിരുന്നാലും, ഒററയായ തനി ക്കു രക്ഷ വന്നാൽ, പോരെ? എങ്കിലും ഞാൻ സത്യം പറയാം; ഒരു മാൎഗ്ഗം നടക്കും; അതു എ ങ്ങും വ്യാപിക്കും; വേറൊരു മതവും വേദവും അവസാനം വരെ നില്ക്കയും ഇല്ല.

നായർ. അതു എങ്ങിനെ ഉണ്ടാകും. സക്കാരുടെ കല്പന കൊണ്ടൊ?

ഗുരു. അല്ല, പരമ രാജാവിന്റെ കല്പനയാലത്രെ. അവൻ പണ്ടു തന്നെ അപ്രകാരം പറഞ്ഞിരിക്കുന്നു; തനിക്കു ബോധിക്കും പോലെ, അതിനെ ഒപ്പിക്കയും ചെയ്യും, നിശ്ചയം.

നായർ. കലിയുഗം അവസാനിച്ചാലൊ, കല്പാന്തരപ്രളയം ഇല്ലയൊ?

ഗുരു. നിങ്ങൾ പ്രളയം എന്നു പറയുന്ന പ്രകാരം ഉണ്ടാകയില്ല; ദൈവം ഉറങ്ങി പോകുന്ന ഒരു രാത്രി വരികയുമില്ല. ഭൂമി ദഹിച്ചു പോയി, പുതുതായ്തീരും സത്യം; എങ്കിലും അതിന്നു മുമ്പെ ഒരു നല്ല കാലം വരുവാറാകുന്നു. ദൈവപുത്രൻ തന്നെ പിശാചിനെ ചങ്ങല ഇട്ടടച്ചു വെക്കും, അപ്പൊൾ മായമുള്ള വേദങ്ങൾ എല്ലാം ഒടുങ്ങും. തനിക്കു മാത്രമല്ല, കൂടയുള്ളവൎക്കും സൌഖ്യം ഉണ്ടാകെണം, എന്നു സകല മനുഷ്യൎക്കും ഒരു പക്ഷം ഉണ്ടല്ലൊ. അതുകൊണ്ടു പലരും മനോരാജ്യം വിചാരിച്ചു, ഇന്നിന്ന പ്രകാരം സൎവ്വലോകത്തിലും മഹോത്സവം വരുത്തെണം, എന്നു ഭാവിച്ചിരിക്കുന്നു. അതു മനുഷ്യപ്രയത്നത്താൽ വരികയില്ല.

നായർ. പണ്ടു ഇപ്രകാരം മംഗല കാലങ്ങൾ ഉണ്ടായി, എന്നു പറഞ്ഞു കേൾക്കുന്നു. ഇനിയും വരുമൊ?

ഗുരു. വരും, നിശ്ചയം. നളന്റെ കാലത്തെ ഇങ്ങി
നെ സ്തുതിച്ചതു. (൩ പാദം.)

എങ്ങുമെ ദരിദ്രത്വം എന്നതു കേൾപ്പാനില്ലാ
സംഗതി കൂടാതുള്ള വൈരസംഭവമില്ലാ
അംഗനാ ജനങ്ങൾക്കു ചാരിത്ര ഭംഗമില്ലാ
തങ്ങളിൽ കലഹവും ക്രൂരകർമ്മവുമില്ലാ
വ്യാധിയും ദുർഭിക്ഷവും ദുൎഗ്രഹ ക്ഷോഭങ്ങളും
ക്രോധവും ദുൎബ്ബോധവും ദുൎമ്മതങ്ങളുമില്ലാ
അക്ഷരജ്ഞാനം കൂടാതുള്ള മൎത്ത്യനുമില്ലാ
പക്ഷപാതംകൊണ്ടൊരു സത്യലംഘനമില്ലാ
ക്ഷത്രരക്ഷണം ചെയ്യാതുള്ള ജാതികളില്ലാ
മൃത്യു വെന്നതും ബാല്യെ, കുത്രചിൽ കാണുന്നില്ലാ
സത്യം എന്നിയെ വദിച്ചീടുന്ന ജനമില്ലാ
നിത്യസന്തോഷം കൂടാതുള്ള മൎത്ത്യനുമില്ലാ
സജ്ജനങ്ങളെ ബഹുമാനിയാത്തവനില്ലാ
ദുൎജ്ജനങ്ങളിൽ സ്നേഹമുള്ള മാനുഷനില്ലാ
ഠംശ്വരൻ പ്രമാണം എന്നോൎക്കാത്ത ജനമില്ലാ
ശാശ്വത ബ്രഹ്മധ്യാനം ചെയ്യാത്ത വിപ്രനില്ലാ
ദൂഷണം പറയുന്ന മാനുഷന്മാരും ഇല്ലാ
ഭൂഷണം ധരിക്കാത്ത കാമുകന്മാരും ഇല്ലാ

നായർ. അപ്രകാരം തന്നെ പിന്നെതിൽ ഭൂമിയിൽ
വരുമൊ?

ഗുരു. അപ്രകാരം തന്നെ അല്ല; ലോകർ ആശിക്കു
ന്ന കാലഭേദത്തിന്നു ഇതു ഒരു ദൃഷ്ടാന്തമത്രെ.
ബ്രാഹ്മണർ അപ്പോൾ ഇല്ലല്ലൊ; കാമുകന്മാ

ക്ക അധികം അനുകൂല്യതയും ഇല്ല. ആ കാല
ത്തിന്റെ ചില വിശേഷങ്ങളെ പറയാം: യേ
ശു ഭൂമിയിൽ കൎത്താവായി വാഴുന്ന കാലം, സ
മുദ്രത്തിൽ വെള്ളം നിറയുന്നതു പോലെ, ഭൂമി
യിൽ ഒക്കയും ദൈവജ്ഞാനം നിറയും, ജാതി
കൾക്കു വൈരവും യുദ്ധാഭ്യാസവും ഒടുങ്ങും,
കന്നുകാലിയും സിംഹവും പുലിയും ഒന്നിച്ചു
മേയും, വറണ്ട ഭൂമിയിൽ നീരുറവുകൾ പൊ
ങ്ങി വരും, അന്നു മുടവൻ സന്തോഷിച്ചു തു
ള്ളും, ഊമൻ സ്തുതി പാടും, കുരുടന്റെ കണ്ണും,
ചെകിടന്റെ ചെവിയും തുറന്നുവരും, കൎത്താ
വു വീണ്ടെടുത്തവർ എവിടെ നിന്നും പുറ
പ്പെട്ടു, ആരും തടുക്കാതെ കീൎത്തിച്ചു നടന്നു,
അവന്റെ രാജധാനിയിൽ കൂടി വന്നു, ആന
ന്ദ തൃപ്തരായി വസിക്കും, ദുഃഖവും ഞെരുക്കവും
മങ്ങിപ്പോകയും ചെയ്യും. നിങ്ങളും വന്നു, ക
ൎത്താവിന്റെ വെളിച്ചത്തിൽ നടക്കയില്ലയൊ?

നായർ. ആ നല്ല കാലം വരുന്നതിനെ കണ്ടാൽ, എ
നിക്കും കൂടെ സന്തോഷം.

ഗുരു അതു വരുമ്മുമ്പെ തന്നെ കണ്ണാലെ കാണാ
തെ കണ്ടും, ഉള്ളും കൊണ്ടു വിശ്വസിക്കേണം.
അങ്ങിനെ വിശ്വസിച്ചാൽ, കൎത്താവു ചതി
ക്കയില്ല, നിശ്ചയം. നമ്മുടെ എല്ലാ വിചാര
ത്തിന്നും അപേക്ഷക്കും മേലായിട്ടു തന്നെ
ചെയ്യും. ഞാനും ഇപ്പോൾ കാണാതെ തന്നെ

വിശ്വസിക്കുന്നു; ദുഃഖസംഗതികൾ പല
ത്തും ഉണ്ടു എന്നറിയാമല്ലോ, എങ്കിലും നമ്മുടെ
പാപങ്ങൾക്കു വേണ്ടി തന്നെത്താൻ കൊടു
ത്തിട്ടു, ൟ ദുഷ്ട യുഗത്തിൽ നിന്നു എന്നെ
വീണ്ടെടുത്തു, രക്ഷിക്കുന്ന കൎത്താവിന്നു, എ
ന്നേക്കും തേജസ്സും സ്തുതിയും ഉണ്ടാക.

നായർ. ഗുരുക്കളെ ഞാൻ പോകുന്നു. സ്നേഹം ഉണ്ടാ
യിരിക്കേണം. നിങ്ങളുടെ ദൈവം എന്നോടു
കരുണ ചെയ്യാവു. സലാം.

18792

…as history of Malay

162 [illegible]

# TRUTH AND ERROR

IN

# NALA'S HISTORY

നളചരിതസാരശോധന

൩ാം അച്ചടിപ്പു

K. UNIV. BIBL. TÜBINGEN

MANGALORE
PRINTED BY PLEBST & STOLZ, BASEL MISSION PRESS
1867
Ci XIV 129 8°